2024 NOVEMBER
05
TUESDAY

www.societytodaynews.com
സൊസൈറ്റി ടുഡേ
SOCIETY TODAY
e-paper




# സിൽവർലൈൻ

# കേന്ദ്രം നിർദേശങ്ങൾ നിർണായകം, ആകാംക്ഷയോടെ കേരളം




**തിരുവനന്തപുരം:** ഉപതിരഞ്ഞെടുപ്പിന്റെ പശ്ചാത്തലത്തിൽ സിൽവർലൈൻ പദ്ധതി വീണ്ടും വിവാദങ്ങളിൽ നിറയുമ്പോൾ വിശദപദ്ധതിരേഖയിലെ കേന്ദ്രതീരുമാനം നിർണായകം. 2020 ജൂണിൽ നൽകിയ ഡി.പി.ആറിൽ റെയിൽവേ ബോർഡ് ഇതുവരെ കാര്യമായ തിരുത്തൽ നിർദേശിച്ചിട്ടില്ല.

തങ്ങളുടെ ഭാഗത്തുനിന്നുള്ള നടപടി പൂർത്തീകരിച്ചിരിക്കെ ഇനി റെയിൽവേ ബോർഡും കേന്ദ്രവുമാണ് തീരുമാനമെടുക്കേണ്ടതെന്ന നിലപാടിലാണ് സംസ്ഥാനസർക്കാർ. ഇതിന്റെ ഭാഗമായിട്ടാണ് പദ്ധതിക്ക് അനുമതിതേടി മുഖ്യമന്ത്രി പിണറായി വിജയൻ കഴിഞ്ഞമാസം കേന്ദ്രമന്ത്രി അശ്വനി വൈഷ്ണവിനെ കണ്ടത്.

ഇനി തീരുമാനം വൈകിയാൽ പഴി കേന്ദ്രത്തിനാകും. എക്സ്പ്രസ് ഹൈവേകൾ, അതിവേഗ തീവണ്ടിപ്പാതകൾ തുടങ്ങി രാജ്യത്തെ പൊതുഗതാഗതരംഗത്തെ മാറ്റങ്ങൾക്ക് ചുക്കാൻപിടിക്കുന്നുവെന്ന് അവകാശപ്പെടുന്ന കേന്ദ്രസർക്കാരിന് കേരളത്തിന്റെ പദ്ധതിമാത്രം വൈകിപ്പിക്കുന്നുവെന്ന പഴികേൾക്കേണ്ടിവരും.

ഇതൊഴിവാക്കാനാണ് സാങ്കേതികവും പാരിസ്ഥിതികവുമായ പ്രശ്നം പരിഹരിച്ചാൽ സിൽവർലൈൻ പദ്ധതിക്ക് അനുമതിനൽകുമെന്ന പ്രതികരണത്തിന് കേന്ദ്രമന്ത്രി അശ്വനി വൈഷ്ണവ് നിർബന്ധിതനായത്.

എന്നാൽ, പദ്ധതിയിൽ വരുത്തേണ്ട തിരുത്തലുകളെക്കുറിച്ച് കേന്ദ്രം ഇതുവരെ രേഖാമൂലം മറുപടിനൽകിയിട്ടില്ല. പദ്ധതിരേഖ റെയിൽവേ മന്ത്രാലയം സൂക്ഷ്മപരിശോധനനടത്തി പോരായ്മയുണ്ടെങ്കിൽ പരിഹരിക്കാൻ ആവശ്യപ്പെടുകയാണ് പതിവ്. എന്നാൽ, സിൽവർലൈനിന്റെ കാര്യത്തിൽ റെയിൽവേ ഭൂമി വിട്ടുകൊടുക്കുന്നതിനെക്കുറിച്ചാണ് പ്രധാനമായും കത്തിടപാട് നടന്നത്. റെയിൽവേ ബോർഡ്, നിതി ആയോഗ്, സാമ്പത്തികകാര്യ മന്ത്രിതല സമിതി എന്നിവ പരിഗണിച്ചശേഷമേ ഫയൽ കേന്ദ്രമന്ത്രിസഭയ്ക്ക് മുന്നിലെത്തൂ.

അതേസമയം സിൽവർലൈനിന്റെപേരിൽ പ്രതിഷേധം വീണ്ടും ശക്തമാകുകയാണ്. കെറെയിൽ വിരുദ്ധസമതി സമരത്തിന് തുടക്കമിട്ടിട്ടുണ്ട്. പദ്ധതിയിൽ കേന്ദ്രസർക്കാരിന്റെയും റെയിൽവേയുടെയും പെട്ടെന്നുള്ള മനംമാറ്റത്തിനുപിന്നിൽ സി.പി.എം.ബി.ജെ.പി. അന്തർധാരയാണെന്ന് കെ.പി.സി.സി. പ്രസിഡന്റ് കെ. സുധാകരനും ആരോപിച്ചു. പദ്ധതിയുമായി മുന്നോട്ടുപോയാൽ ശക്തമായ പ്രക്ഷോഭമുണ്ടാകുമെന്ന് യു.ഡി.എഫ്. കൺവീനർ എം.എം. ഹസനും മുന്നറിയിപ്പുനൽകി.

## ഡൽഹിയിൽ വായു ഗുണനിലവാര തോത് 400 ന് മുകളിൽ; അപകടസൂചനയെന്ന് വിദഗ്ധർ

**ന്യൂഡൽഹി:** ദീപാവലിക്ക് ശേഷം ഡൽഹിയിൽ വായു ഗുണനിലവാര തോതിൽ വൻ വർധന. വായു ഗുണനിലവാര തോത് 400 കടന്നു. ആനന്ദ് വിഹാർ (433), അശോക് വിഹാർ (410), രോഹിണി (411), വിവേക് വിഹാർ (426) എന്നിവിടങ്ങളിൽ 400 ന് മുകളിലാണ് വായു ഗുണനിലവാരം. വായുനിലവാരം ഇത്രയും വഷളായത് വലിയ അപകടസൂചനയാണ് നൽകുന്നതെന്ന് വിദഗ്ധർ പറയുന്നു.ദീപാവലിക്ക് പടക്കം പൊട്ടിക്കുന്നതിന് നിരോധനം ഉണ്ടായിരുന്നെങ്കിലും പാലിക്കപ്പെട്ടില്ല. പടക്ക നിരോധനം പേരിനുമാത്രം ഏർപ്പെടുത്തിയതാണെന്നതിൻറെ തെളിവാണ് ദീപാവലിക്ക് പിന്നാലെ ഗുരുതരമായി വായു ഗുണനിലവാര തോത് ഉയർന്നതിന് കാരണമെന്ന് ചൂണ്ടിക്കാട്ടി ഡൽഹി സർക്കാരിനെ സുപ്രീംകോടതി രൂക്ഷമായി വിമർശിച്ചു. ഈ വിഷയവുമായി ബന്ധപ്പെട്ട മുഴുവൻ രേഖകളും ഹാജരാക്കാൻ ഡൽഹി സർക്കാരിനോട് സുപ്രീംകോടതി നിർദേശിച്ചു. പടക്കങ്ങൾക്ക് സ്ഥിരം വിലക്കേർപ്പെടുത്തുന്ന കാര്യം പരിശോധിക്കാനും കോടതി സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## ചരിത്രസ്മാരകങ്ങൾക്ക് മേലും വഖഫ്; അവകാശവാദം കർണാടകയിലെ 54 സ്മാരകങ്ങൾക്ക് മേൽ

**ബെംഗളൂരു:** വിജയപുരയിലെ കൃഷിഭൂമിക്ക് പിന്നാലെ കർണാടകയിലെ 54 ചരിത്ര സ്മാരകങ്ങളിലും വഖഫ് അവകാശവാദം. ബിദാർ, ഗോൽ ഗുംബസ്, ഇബ്രാഹിം റൗസ, ബാരാ കമാൻ, കലബുറഗി കോട്ടകൾ അടക്കമുള്ള പുരാവസ്തു സ്മാരകങ്ങൾക്ക് മേലാണ് പുതിയ അവകാശവാദം.ആദിൽ ഷാഹി രാജവംശത്തിന്റെ തലസ്ഥാനമായിരുന്ന വിജയപുരയിലെ 43 സ്മാരകങ്ങളും ഇതിൽ ഉൾപ്പെടുന്നു. 2005ലാണ് ഇതെല്ലാം വഖഫ് ബോർഡ് വഖഫ് സ്വത്തുക്കളായി നിശ്ചയിച്ചതെന്ന് ഡെക്കാൺ ഹെറാൾഡ് ചൂണ്ടിക്കാട്ടുന്നു. എന്നാൽ ആർക്കിയോളജിക്കൽ സർവേ ഓഫ് ഇന്ത്യയുടെ മേൽനോട്ടത്തിലുള്ള സ്മാരകങ്ങൾക്ക് മേൽ വഖഫ് ബോർഡ് അവകാശവാദമുന്നയിക്കുന്നത് വിചിത്രമാണ്. എഎസ്ഐയുമായി കൂടിയാലോചിക്കാതെയാണ് വഖഫ് സ്മാരകങ്ങളെന്ന പേരിലുള്ള അവകാശവാദം ഉയരുന്നു.1958ലെ ഏൻഷ്യന്റ് മോനുമെന്റ്സ് ആൻഡ് ആർക്കിയോളജിക്കൽ സൈറ്റ്സ് ആൻഡ് റിമെയ്ൻസ് ആക്ട് (എഎംഎഎസ്ആർ) പ്രകാരം എഎസ്ഐയുടെ സംരക്ഷണത്തിലും അധികാരപരിധിയിലുമുള്ളതാണ് ഈ സ്മാരകങ്ങൾ.

## എല്ലാ സേവനങ്ങളും ഒറ്റ ക്ലിക്കിൽ; സൂപ്പർ ആപ് അവതരിപ്പിക്കാൻ റെയിൽവേ



**ന്യൂഡൽഹി:** ട്രെയിൻ യാത്രാ സേവനങ്ങൾക്കായി 'സൂപ്പർ മൊബൈൽ ആപ്ലിക്കേഷൻ' പുറത്തിറക്കാൻ ഇന്ത്യൻ റെയിൽവേ. വിവിധ സേവനങ്ങൾക്കായി ഒറ്റ പ്ലാറ്റ്ഫോം അവതരിപ്പിക്കാനാണു നീക്കം. 'സൂപ്പർ ആപ്' ഈ വർഷം അവസാനത്തോടെ അവതരിപ്പിക്കുമെന്നു ദേശീയമാധ്യമം റിപ്പോർട്ട് ചെയ്തു. സെന്റർ ഫോർ റെയിൽവേ ഇൻഫർമേഷൻ സിസ്റ്റംസ് ആണ് ആപ് വികസിപ്പിച്ചത്.

വരുമാനത്തിനുള്ള മറ്റൊരു വഴിയായും സൂപ്പർ ആപ്പിനെ റെയിൽവേ കാണുന്നുണ്ട്. 202324 സാമ്പത്തിക വർഷത്തിൽ ഐആർസിടിസി 1111.26 കോടി രൂപ അറ്റാദായവും 4270.18 കോടി രൂപ വരുമാനവുമാണു നേടിയത്. റെയിൽവേയ്ക്കു 45.3 കോടി ബുക്കിങ് ഉള്ളതിനാൽ, മൊത്തം വരുമാനത്തിന്റെ 30.33 ശതമാനവും ടിക്കറ്റ് വിൽപ്പനയിൽ നിന്നാണ് എന്നതും ആപ് മെച്ചപ്പെടുത്താൻ കാരണമായി.



# വാടകയ്ക്ക് 18 ശതമാനം ജി.എസ്.ടി: വ്യാപാരി വ്യവസായി ഏകോപന സമിതി പ്രക്ഷോഭത്തിലേക്ക്

## നവംബർ ഏഴിന് രാജ്ഭവൻ മാർച്ച്

**കൊച്ചി:** വാടകയ്ക്ക് മേൽ 18 ശതമാനം ജി.എസ്.ടി ഏർപ്പെടുത്തിയ ജി.എസ്.ടി കൗൺസിലിന്റെ ഉത്തരവിനെതിരെ കേരള വ്യാപാരി വ്യവസായി ഏകോപന സമിതി പ്രക്ഷോഭത്തിലേക്ക്. നവംബർ ഏഴിന ഏകോപന സമിതി സംസ്ഥാന കമ്മിറ്റിയുടെ നേതൃത്വത്തിൽ രാജ് ഭവൻ മാർച്ച് നടത്തും. സൂചന സമരത്തിൽ ഏകോപന സമിതി എറണാകുളം ജില്ലയിൽ നിന്നും മുഴുവൻ അംഗങ്ങളും അണി ചേരുമെന്ന് സംസ്ഥാന വൈസ് പ്രസിഡന്റും എറണാകുളം ജില്ലാ പ്രസിഡന്റുമായ പി. സി ജേക്കബ്ബ്, എറണാകുളം ജില്ലാ ജനറൽ സെക്രട്ടറി അഡ്വ. എ.ജെ റിയാസ്, ട്രഷറർ സി. എസ് അജ്മൽ, വർക്കിംഗ് പ്രസിഡന്റ് ജിമ്മി ചക്യത്ത് എന്നിവർ പറഞ്ഞു.

വാടക കെട്ടിടങ്ങളിൽ കട നടത്തുന്ന വ്യാപാരികളുടെ മേൽ വാടകയുടെ നികുതി ബാധ്യത കെട്ടിവെച്ച് ദ്രോഹിക്കുന്ന കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ നിലപാട് ഒരിക്കലും അംഗീകരിക്കാൻ കഴിയില്ലെന്ന് ഏകോപന സമിതി നേതാക്കൾ വ്യക്തമാക്കി. കെട്ടിട ഉടമയ്ക്ക് ജി.എസ്.ടി രജിസ്ട്രേഷൻ ഇല്ലെങ്കിൽ വാടകക്കാരായ വ്യാപാരികൾ വാടകയ്ക്ക് 18 ശതമാനം ജി.എസ്.ടി നൽകണമെന്നാണ് ജി.എസ്.ടി കൗൺസിലിന്റെ പുതിയ തീരുമാനം. ഇത് ഏറ്റവും അധികം ബാധിക്കുക ചെറുകിട വ്യാപാരികളെയായിരിക്കുമെന്നും ഒരു കാരണവശാലും ഇത് അംഗീകരിക്കാൻ കഴിയില്ലെന്നും ഏകോപന സമിതി നേതാക്കൾ വ്യക്തമാക്കി. ചെറുകിട വ്യാപാരികളെ ഇല്ലായ്മ ചെയ്ത് കോർപ്പറേറ്റുകളെ സഹായിക്കുന്ന തീരുമാനത്തിൽ നിന്നും സർക്കാരുകൾ പിന്തിരിയണമെന്നും അല്ലാത്ത പക്ഷം രാജ്യവ്യാപകമായി ശക്തമായ സമരവുമായി വ്യാപാരികൾ രംഗത്തിറങ്ങുമെന്നും നേതാക്കൾ വ്യക്തമാക്കി.



# മദർ തെരേസ ലോകത്തിന്റെ മനുസ്നേഹി: ജസ്റ്റിസ്റ്റ്. പി.കെ.ഷംസുദീൻ

**കൊച്ചി :** അഗതികളുടെ അമ്മയായ മദർ തെരേസ ലോകത്തിന്റെ മനുസ്നേഹി യായിരുന്നുവെന്ന് കേരള ശാന്തി സമിതി സംസ്ഥാന പ്രസിഡണ്ടും കേരള ഹൈക്കോടതി മുൻ ജഡ്ജിയും ആയ ജസ്റ്റിസ് പി.കെ. ഷംസുദ്ദീൻ അഭിപ്രായപ്പെട്ടു.

കേരള ശാന്തി സമിതിയുടെ നേതൃത്വത്തിൽ നടന്ന ലഹരി സമൂഹത്തിന് ആപത്ത് എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള സെമിനാറും ശാന്തി സമിതി ഏർപ്പെടുത്തിയ മികച്ച സാമൂഹ്യപ്രവർത്തകരക്കുള്ള മദർ തെരേസ സ്മാരക പുരസ്കാരവും മഞ്ജുലാൽ. ഇ യ്ക്ക് നൽകിയ ശേഷമുള്ള സമ്മേളനം കൊച്ചിയിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.ദരിദ്രരും നിസ്സഹായരുമായ ആളുകൾക്ക് നിസ്വാർത്ഥ സേവനമാണ് മദർ നൽകിയത്.അവർ ലോകത്ത് ഒരു പ്രചോദനമാണ്. വിനയം ദയ ഔദാര്യം എന്നിവയുടെ സമ്മിശ്ര മിശ്രണമാണ് തെരേസയെന്നും അദ്ദേഹം കൂട്ടിച്ചേർത്തു

കേരള ശാന്തി സമിതി എറണാകുളം ജില്ലാ സെക്രട്ടറി കരീം. എൻ.എ.അധ്യക്ഷത വഹിച്ചു . കേരള ശാന്തി സമിതി സംസ്ഥാന വൈസ് പ്രസിഡണ്ട് റഷീദ് ആനപ്പാറ, സമിതി ഭാരവാഹികളായ ഡോ:റെനീറ്റ അനുഷ്,പ്രൊഫ:നൂറുദീൻ, മൈക്കിൾ യോഹന്നാൻ, ഷബീർ നെടുമ്പാശ്ശേരി, രഞ്ജിത്ത് അടൂർ,മഞ്ജുലാൽ.ഇ എന്നിവർ പ്രസംഗിച്ചു.

# കെട്ടിടവാടകയ്ക്ക് ജി.എസ്.ടി: കെവിവിഇഎസ് സമരത്തിന് പിന്തുണയുമായി കെഎച്ച്ആർഎ

**കൊച്ചി:** കെട്ടിട ഉടമ വാടകയ്ക്ക് മേൽ ജി.എസ്.ടി. അടച്ചില്ലെങ്കിൽ ആ നികുതി രജിസ്ട്രേഡ് വ്യാപാരി അടക്കണമെന്ന നിബന്ധനക്കെതിരെ കേരള വ്യാപാരി വ്യവസായി ഏകോപന സമിതി (കെവിവിഇഎസ്) നവംബർ 7ന് നടത്തുന്ന രാജ്ഭവൻ മാർച്ചിന് പിന്തുണ നൽകാൻ തീരുമാനിച്ചതായി കേരള ഹോട്ടൽ ആന്റ് റസ്റ്റോറന്റ് അസോസിയേഷൻ (കെഎച്ച്.ആർ.എ)സംസ്ഥാന പ്രസിഡന്റ് ജി. ജയപാൽ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. ഹോട്ടലുകൾക്കുള്ള ജി.എസ്.ടി. ഒരുശതമാനമായി കുറയ്ക്കുകയും, എം.എസ്.എം.ഇ വിഭാഗത്തിൽപ്പെട്ടവർക്ക് നൽകുന്നതുപോലെ ആനുകൂല്യങ്ങൾ ഹോട്ടൽമേഖലയ്ക്കും നൽകണമെന്നാവശ്യപ്പെട്ടും, പുതിയതായി ഏർപ്പെടുത്തിയ വാടയ്ക്കുള്ള ജി.എസ്.ടി. പിൻവലിക്കണമെന്നാവശ്യപ്പെട്ടും പ്രത്യക്ഷ സമരപരിപാടികൾ ആരംഭിക്കുവാൻ കേരള ഹോട്ടൽ ആന്റ് റസ്റ്റോറന്റ് അസോസിയേഷൻ സംസ്ഥാന കമ്മിറ്റി തീരുമാനിച്ചു. ആദ്യപടിയായി നവംബർ 12ന് എല്ലാ ജില്ലകളിലേയും ജി.എസ്.ടി. ഓഫീസിന് മുന്നിൽ പ്രതിഷേധ ധർണ്ണ സംഘടിപ്പിക്കുവാനും, ഡിസംബറിൽ പാർലമെന്റ് മാർച്ച് അടക്കമുള്ള ശക്തമായ പ്രക്ഷോഭ സമരങ്ങൾ നടത്തുവാനും തീരുമാനിച്ചതായും ജി. ജയപാൽ പറഞ്ഞു. വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഓരോ ഹോട്ടലുടമയും 18 ശതമാനം ജി.എസ്.ടി. അധികം അടക്കണം.

ഇങ്ങനെയടക്കുന്ന തുക ഇൻപുട്ട് ടാക്സിലൂടെ വ്യാപാരിക്ക് തിരികെ ലഭിക്കുമെന്നും അത് വ്യാപാരിക്ക് ബാധ്യതയുള്ള നികുതിയിൽ തട്ടികിഴിക്കാമെന്നുമാണ് ജി.എസ്.ടി. റിവേഴ്സ് ചാർജ് മെക്കാനിസം (ആർ.സി.എം.) പ്രകാരം ഉദ്ദേശിക്കുന്നത്. എന്നാൽ റസ്റ്റോറന്റ് മേഖലക്ക് ഇൻപുട്ട് ടാക്സ് എടുക്കുവാൻ സാധിക്കില്ല. ഹോട്ടലുകൾ സർവ്വീസ് മേഖലയിൽപ്പെടുന്നതിനാൽ ഇൻപുട്ട് ടാക്സ് എടുക്കുവാൻ ജി.എസ്.ടി. നിയമപ്രകാരം അർഹരല്ല. ആയതിനാൽ ചെറുകിട ഇടത്തരം ഹോട്ടൽ വ്യാപാരികൾക്ക് വലിയ സാമ്പത്തിക ബാധ്യതയാണ് ഇതു മൂലം വരുന്നത്. കൂടാതെ കോമ്പോസിഷൻ സ്കീം തെരഞ്ഞെടുത്ത മറ്റ് വ്യാപാരികൾക്ക് ഒരുശതമാനം മാത്രമാണ് നികുതി എന്നിരിക്കെ ഹോട്ടൽമേഖലയ്ക്കത് 5 ശതമാനമാണ്. ഹോട്ടലുകൾക്ക് എം.എസ്.എം.ഇയുടെ ആനുകൂല്യവും ലഭിക്കുന്നില്ല. എം.എസ്.എം.ഇയിൽ ഉൾപ്പെട്ട സ്ഥാപനങ്ങൾക്കും ഒരു ശതമാനംമാത്രമാണ് ജി.എസ്.ടി. എന്നാൽ ഹോട്ടലുകൾക്ക് 5 ശതമാനം നൽകേണ്ടിവരുന്നു. പുതിയ നിയമം മൂലം കോമ്പോസിഷൻ സ്കീം തെരഞ്ഞെടുത്ത വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്നവർക്കും നികുതി ബാധ്യത വന്നിരിക്കുകയാണ്. കേരളത്തിലെ ഭൂരിപക്ഷം ഹോട്ടലുകളും വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നവയാണ്. വിലക്കയറ്റവും, സാമ്പത്തിക ബുദ്ധിമുട്ടും മൂലം നട്ടം തിരിയുന്ന ഹോട്ടൽ മേഖലക്ക് കനത്ത തിരിച്ചടിയാണ് പുതിയതായി ഏർപ്പെടുത്തിയിട്ടുള്ള കെട്ടിടവാടക നികുതി.

അശാസ്ത്രീയമായ നികുതികൾ മൂലവും, വിലക്കയറ്റവും കടുത്ത സാമ്പത്തിക പ്രതിസന്ധിയും മൂലം കഴിഞ്ഞ മൂന്നുമാസത്തിനിടെ മൂവായിരത്തോളം ഹോട്ടലുകൾ അടച്ചുപൂട്ടിയതായാണ് ലഭിച്ച വിവരം.അന്താരാഷ്ട്ര വിപണിയിൽ ക്രൂഡ് ഓയിൽവില താഴുമ്പോൾ വില കുറയ്ക്കാതിരിക്കുകയും, വില കൂടുമ്പോൾ യാതൊരു മാനദണ്ഡവുമില്ലാതെ വാണിജ്യാവശ്യത്തിനുള്ള പാചകവാതകത്തിന്റെ വില വർദ്ധിപ്പിക്കുകയുമാണ് എണ്ണക്കമ്പനികൾ ചെയ്യുന്നത്. കഴിഞ്ഞ 2 മാസത്തിനിടെ 150 രൂപയോളം ഗ്യാസിന് വിലകൂട്ടി. ഭക്ഷ്യഎണ്ണകൾക്ക് ഇറക്കുമതി തീരുവ വർദ്ധിപ്പിച്ചതിനെ തുടർന്ന് പാമോയിൽ, വെളിച്ചെണ്ണയടക്കമുള്ള ഭക്ഷ്യഎണ്ണകൾക്കും വില കുതിച്ചുകയറി. നിത്യോപയോഗസാധനങ്ങൾക്കെല്ലാം വില കൂടിക്കൊണ്ടിരിക്കുന്നു. യാതൊരു രീതിയിലും പിടിച്ചുനിൽക്കുവാൻ സാധിക്കാത്ത പ്രതിസന്ധിയിലാണ് ഹോട്ടലുടമകൾ. അതിനിടക്കാണ് ജി.എസ്.ടി.യുടെ അധിക ബാധ്യതകൂടി വരുന്നതെന്നും ഇത് അംഗീകരിക്കാൻ കഴിയില്ലെന്നും ജി.ജയപാൽ പറഞ്ഞു.ട്രഷറർ മുഹമ്മദ് ഷെരീഫ്, വൈസ്പ്രസിഡന്റുമാരായ അസീസ് മൂസ, വി.ടി. ഹരിഹരൻ, എറണാകുളം ജില്ലാ പ്രസിഡന്റ് ടി. ജെ. മനോഹരൻ തുടങ്ങിയവരും വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.

# അങ്കമാലി ശബരി റെയിൽ പദ്ധതി പൂർത്തീകരിക്കണം: ബെന്നി ബഹനാൻ

**കൊച്ചി:** കേന്ദ്ര റയിൽവേ മന്ത്രിയുടെ കേരള സന്ദർശനത്തിന്റെ ഭാഗമായി ആലുവയിൽ എത്തിയ കേന്ദ്ര റയിൽവേ മന്ത്രി അശ്വനി വൈഷ്ണവിന് അങ്കമാലി ശബരി റെയിൽ പാത പദ്ധതി പൂർത്തീകരിച്ച് യാഥാർത്ഥ്യമാക്കണമെന്നും ഈ പദ്ധതി വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള ശബരിമല തീർത്ഥാടകർക്ക് വളരെ സഹായകരമാണ് കൂടാതെ

റയിൽവേ സൗകര്യം ഇല്ലാത്ത ഇടുക്കി ജില്ലയിലെ ഉൾപെടെയുള്ള മലയോര മേഖലയിലെ ജനങ്ങൾക്ക് ഏറ്റവും അനിവാര്യമാണ് എന്ന പ്രധാനപെട്ട വിഷയങ്ങൾ കേന്ദ്രമന്ത്രിയുടെ ശ്രദ്ധയിൽ പെടുത്തി നിവേദനം നൽകി

ആലുവ റയിൽവേ സ്റ്റേഷൻ അമൃത് സ്കീമിൽ ഉൾപ്പെടുത്തിയിട്ടുണ്ട് എന്നാൽ നിർമാണ പ്രവർത്തനങ്ങൾ ആരംഭിക്കാത്ത വിഷയവും ആലുവ റെയിൽവേ സ്റ്റേഷനിൽപടിഞ്ഞാറൻ കവാടം ഉൾപ്പെടെയുള്ള സമഗ്രവികസന പദ്ധതികൾ നടപ്പാക്കുന്നതിനും കൊച്ചി അന്താരാഷ്ട്ര വിമാനതാവളത്തിലെ യാത്രക്കാർക്ക് സഹായകരമാകുന്ന വിധത്തിൽ പ്രഖ്യാപനങ്ങളിൽ ഒതുങ്ങിയ നെടുമ്പാശ്ശേരി റെയിൽവേ സ്റ്റേഷൻ യാഥാർത്ഥ്യമാക്കണമെന്നുംഅങ്കമാലി റയിൽവേ സ്റ്റേഷനിൽ ഫ്ലൈഓവർഅനുവദിക്കുന്നതിനുംദീർഘ



ദൂര ട്രയിനുകൾ ഉൾപെടയുള്ള ട്രയിനുകൾക്കൾക്ക്ആലുവ, അങ്കമാലി, ചാലക്കുടി സ്റ്റേഷനുകളിൽ സ്റ്റോപ്പുകൾ അനുവദിക്കണമെന്നും ഉൾപെടുയുള്ള ആവശ്യങ്ങൾ ഉന്നയിച്ചു കൊണ്ട് ബെന്നി ബഹനാൻ റയിൽവേ മന്ത്രി അശ്വനി വൈഷ്ണവിന് നിവേദനം നൽകിയത് പരിശോധിച്ച് അടിയന്തര നടപടികൾ സ്വീകരിക്കും എന്ന് കേന്ദ്ര റയിൽവേ മന്ത്രി എം പി യ്ക് ഉറപ്പ് നൽകി.

ഇന്നലെ റയിൽവേ ട്രാക്കിൽ ദുരന്തത്തിൽ പെട്ട് മരണമടഞ്ഞവർക്ക് റയിൽവേ നഷ്ട പരിഹാരം നൽകണം എന്ന് കേന്ദ്ര റയിൽവേ മന്ത്രിയോട് ആവശ്യ പെട്ടു. അൻവർ സാദത്ത് എംഎൽഎ ആലുവ മുനിസിപ്പൽ ചെയർമാൻ ജോൺ വൈസ് ചെയർ പേഴ്സൺ ഷൈജി ജോളി സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ ലത്തീഫ് പൂഴിത്തുറ തുടങ്ങിയവർ എം പിയോടൊപ്പം ആലുവറയിൽവേ സ്റ്റേഷനിൽ റയിൽവേ മന്ത്രി അശ്വനി വൈഷ്ണവിനെ സ്വീകരിച്ചു. സതേൺ റയിൽവേയുടെ ജനറൽമാനേജർ തിരുവനന്തപുരം ഡിവിഷനൻ മാനേജർ തുടങ്ങിയ ഉന്നത ഉദ്യോഗസ്ഥരും സന്നിഹിതരായിരുന്നു.

# വ്യോമയാന മേഖലയിൽ സ്ത്രീകൾ നിർണായക പങ്ക് വഹിക്കുന്നു രാഷ്ട്രപതി

**ന്യൂ ഡൽഹി:** രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ത്യൻ വ്യോമയാന മേഖലയിൽ നേട്ടങ്ങൾ കൈവരിച്ച വനിതകളുടെ ഒരു സംഘവുമായി രാഷ്ട്രപതി ഭവനിൽ സംവദിച്ചു. ജനങ്ങളുമായി കൂടുതൽ ആഴത്തിലുള്ള ബന്ധം സ്ഥാപിക്കാനും അവരുടെ സംഭാവനകൾ തിരിച്ചറിയാനും ലക്ഷ്യമിട്ടുള്ള 'ജനങ്ങളോടൊപ്പം രാഷ്ട്രപതി ' എന്ന സംരംഭത്തിന് കീഴിലാണ് ഈ കൂടിക്കാഴ്ച നടന്നത്.

ഇന്ത്യയുടെ സിവിൽ വ്യോമയാന മേഖലയിലെ വിവിധ പ്രവർത്തന, സാങ്കേതിക മേഖലകളിൽ സ്ത്രീകൾ നിർണായക പങ്ക് വഹിക്കുന്നുണ്ടെന്ന് ചടങ്ങിൽ സംസാരിച്ച രാഷ്ട്രപതി പറഞ്ഞു. എയർ ട്രാഫിക് കൺട്രോളർമാരിൽ 15 ശതമാനം സ്ത്രീകളാണെന്നും ഫ്ലൈറ്റ് ഡിസ്പാച്ചർമാരിൽ 11 ശതമാനം സ്ത്രീകളാണെന്നും എയ്റോസ്പേസ് എഞ്ചിനീയർമാരിൽ 9 ശതമാനം സ്ത്രീകളാണെന്നും അവർ ചൂണ്ടിക്കാട്ടി. കഴിഞ്ഞ വർഷം വാണിജ്യ ലൈസൻസ് ലഭിച്ച പൈലറ്റുമാരിൽ 18 ശതമാനവും സ്ത്രീകളാണെന്നും അവർ പറഞ്ഞു . നൂതനമായി ചിന്തിക്കുകയും പുതിയ പാതകളിൽ മുന്നേറാൻ ധൈര്യം കാണിക്കുകയും ചെയ്ത് നേട്ടം കൈവരിച്ച എല്ലാ വനിതാ ജേതാക്കളെയും അവർ അഭിനന്ദിച്ചു.

കേന്ദ്ര ഗവൺമെന്റിന്റെ എല്ലാവരെയും ഉൾക്കൊള്ളാനുള്ള ശ്രമങ്ങൾ, സിവിൽ വ്യോമയാന മേഖലയിലെ സ്ത്രീകളുടെ പുരോഗതിക്ക് ഊർജം പകരുന്നതായി രാഷ്ട്രപതി പറഞ്ഞു.

കൂടുതൽ സ്ത്രീകൾ ഇപ്പോൾ വ്യോമയാന മേഖല തങ്ങളുടെ കരിയറായി തിരഞ്ഞെടുക്കുന്നു. വ്യോമയാന മേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തം വർധിപ്പിക്കുന്നതിനൊപ്പം മുന്നോട്ടുപോകുമ്പോൾ ഈ മേഖലയിൽ തുല്യ അവസരങ്ങളും ആവശ്യമാണെന്ന് അവർ ഊന്നിപ്പറഞ്ഞു.

വിദ്യാഭ്യാസത്തിനും ശരിയായ പരിശീലനത്തിനും പുറമെ കുടുംബത്തിന്റെ പിന്തുണയും പ്രധാനമാണെന്ന് രാഷ്ട്രപതി പറഞ്ഞു. കുടുംബത്തിന്റെ പിന്തുണയില്ലാത്തതിനാൽ ഉന്നത വിദ്യാഭ്യാസം നേടിയിട്ടും പല സ്ത്രീകൾക്കും അവരുടെ സ്വപ്നങ്ങൾ നിറവേറ്റാൻ കഴിയുന്നില്ല. മറ്റ് സ്ത്രീകൾക്ക് കരിയർ തിരഞ്ഞെടുക്കാനും സ്വപ്നങ്ങൾ സാക്ഷാത്കരിക്കാൻ അവരെ പ്രോത്സാഹിപ്പിക്കാനും വഴികാട്ടികളാകാനും വിജയികളായ സ്ത്രീകളോട് രാഷ്ട്രപതി അഭ്യർത്ഥിച്ചു.

# കേര പദ്ധതിക്ക് 1655.85 കോടിയുടെ ലോകബാങ്ക് സഹായം: മന്ത്രി പി. പ്രസാദ്

**തിരുവനന്തപുരം:** കാലാവസ്ഥാ വ്യതിയാനം നേരിടുന്നതിനും അതിന് അനുസൃതമായ കൃഷിരീതി അവലംബിച്ചു കാർഷിക വരുമാനം വർദ്ധിപ്പിക്കുന്നതിനുമായി കൃഷി വകുപ്പ് സമർപ്പിച്ച കേരളാ ക്ലൈമറ്റ് റെസിലിയന്റ് അഗ്രിവാല്യൂ ചെയിൻ (കേര) പദ്ധതിയ്ക്ക് ലോക ബാങ്ക് സഹായം ലഭിച്ചതായി കൃഷി മന്ത്രി പി. പ്രസാദ് വാർത്താ സമ്മേളനത്തിൽ അറിയിച്ചു.

ഒക്ടോബർ 31ന് കൂടിയ ലോക ബാങ്കിന്റെ എക്സിക്യൂട്ടീവ് ഡയറക്ടർമാരുടെ യോഗം സംസ്ഥാന കൃഷി വകുപ്പ് സമർപ്പിച്ച 2,365.5 കോടി രൂപയുടെ പദ്ധതിക്ക് അംഗീകാരം നൽകി. ആദ്യ ഗഡുവായി 1,655.85 കോടി രൂപ അനുവദിക്കുകയും ചെയ്തു. ഇതിൽ ആനുപാതിക സംസ്ഥാന വിഹിതം 709.65 കോടി രൂപയാണ്. കേരളത്തിലെ കാർഷിക മേഖലയിൽ അടുത്ത 5 വർഷം കൊണ്ട് പദ്ധതികൾ നടപ്പാക്കുമെന്ന് മന്ത്രി പറഞ്ഞു.

കാലാവസ്ഥാനുപൂരകമായ കൃഷി രീതികൾ അനുവർത്തിക്കുന്നതിലൂടെ ഏകദേശം 4 ലക്ഷം കർഷകർക്ക് പ്രത്യക്ഷമായും, 10 ലക്ഷം കർഷകർക്ക് പരോക്ഷമായും പദ്ധതിയുടെ പ്രയോജനം ലഭിക്കും. ഇതിൽ സ്ത്രീകൾ നടത്തുന്ന ചെറുകിട, ഇടത്തരം കാർഷിക സംരംഭങ്ങൾക്കുള്ള വാണിജ്യ സഹായമായി 76 കോടി രൂപ പ്രത്യേക ധനസഹായവും ഉൾപ്പെടുന്നു.

കാർബൺ ബഹിർഗമനം കുറച്ചുകൊണ്ട് നെല്ലിന്റെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കാനും പദ്ധതി ലക്ഷ്യമിടുന്നുണ്ട്. ഈ ഉദ്ദേശത്തോടെ പദ്ധതി തുകയിൽ നിന്ന് 500 കോടി രൂപ മുതൽ മുടക്കി നെൽകൃഷി പ്രോത്സാഹിപ്പിക്കും. ഇക്കാര്യത്തിൽ അന്താരാഷ്ട്ര നെല്ല് ഗവേഷണ കേന്ദ്രത്തിന്റെ സഹായം ഉറപ്പാക്കിയിട്ടുണ്ടെന്ന് മന്ത്രി അറിയിച്ചു.

കർഷകന്റെ സാങ്കേതിക സാമ്പത്തികസാമൂഹിക ക്ഷേമ സംബന്ധമായ എല്ലാ വെല്ലുവിളികളെയും പങ്കാളിത്ത രീതിയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പിന്തുണയോടെ നേരിടാനുള്ള തുടക്കമെന്ന നിലയിൽ കൃഷി സമൃദ്ധി പദ്ധതിക്ക് രൂപം നൽകിയതായി മന്ത്രി പറഞ്ഞു. മൂന്നു ഘട്ടങ്ങളിലായി കേരളത്തിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും പദ്ധതി നടപ്പിലാക്കാനുള്ള ശ്രമം ആരംഭിച്ചിട്ടുണ്ട്.

തരിശിട്ടിരിക്കുന്ന ഭൂമി ഏറ്റെടുത്ത് കൃഷിയിറക്കുന്നതിനായി സർക്കാർ രൂപം നൽകിയ നവോത്ഥാൻ പദ്ധതിയുടെ ഭാഗമായി ഏർപ്പെടുത്തുന്ന ക്രോപ്പ് കൾട്ടിവേറ്റേഴ്സ് കാർഡ് അടുത്ത നിയമസഭാ സമ്മേളനത്തിൽ നിയമമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണെന്ന് മന്ത്രി പറഞ്ഞു.

കേരളത്തിലെ മൊത്തം കൃഷിഭൂമിയിൽ ഏകദേശം 103,334 ഹെക്ടർ തരിശിട്ടിരിക്കുകയാണ്. ഇതിൽ 50,000 ഹെക്ടർ ഭൂമി അടുത്ത വർഷങ്ങളിൽ കൃഷിയോഗ്യമാക്കാൻ സാധിച്ചാൽ സംസ്ഥാനത്തിന്റെ പഴം, പച്ചക്കറി ഉൽപാദനത്തിൽ ഗണ്യമായ വർധനവ് ഉണ്ടാകുകയും കാർഷിക മേഖലയിൽ സ്വയംപര്യാപ്തത കൈവരിക്കുകയും ചെയ്യാൻ കഴിയുമെന്ന് മന്ത്രി അഭിപ്രായപ്പെട്ടു.

# മഞ്ഞപ്പിത്തം: ശുചിത്വ കാര്യങ്ങളിൽ അതീവ ശ്രദ്ധ വേണം; ജില്ലാ മെഡിക്കൽ ഓഫീസർ

**ആലപ്പുഴ:** ജില്ലയിൽ മഞ്ഞപ്പിത്തം കേസുകൾ റിപ്പോർട്ട് ചെയ്യുന്ന സാഹചര്യത്തിൽ പൊതുജനങ്ങളും ആഹാരം കൈകാര്യം ചെയ്യുന്ന സ്ഥാപനങ്ങളും ശുചിത്വകാര്യങ്ങളിൽ അതീവ ജാഗ്രത പാലിക്കണമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) അറിയിച്ചു.മഞ്ഞപിത്തം വ്യാപകമായ പ്രദേശങ്ങളിൽ ജില്ലാ ആരോഗ്യ വിഭാഗവും പ്രാദേശിക ആരോഗ്യ പ്രവർത്തകരും ശക്തമായ നടപടികൾ എടുത്തുവരികയാണ്.

രോഗബാധിതരിൽ നിന്നും രോഗം മറ്റുള്ളവരിലേക്ക് അതിവേഗം പകരുമെന്നതിനാൽ രോഗബാധിതരും അവരുമായി സമ്പർക്കത്തിൽ വരുന്നവരും ശുചിത്വ കാര്യങ്ങളിൽ ശ്രദ്ധിക്കണം.2024 സെപ്റ്റംബർ ഒക്ടോബർ മാസങ്ങളിലായി ചെങ്ങന്നൂർ ഐ എച്ച് ആർ ഡി എഞ്ചിനീയറിങ് കോളേജിലെ 16 വിദ്യാർഥികളിൽ മഞ്ഞപ്പിത്ത രോഗലക്ഷണങ്ങൾ കണ്ടെത്തിയിരുന്നു. പാണ്ടനാട്, കുറത്തികാട്, ചുനക്കര ബ്ലോക്കിലെ ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥരുടെ ഏകോപനത്തോടെ രോഗനിരീക്ഷണ നിയന്ത്രണ പ്രതിരോധ പ്രവർത്തനങ്ങൾ പ്രദേശത്ത് തുടർന്നു വരുന്നു. മഞ്ഞപിത്തം പോലെയുള്ള പകർച്ചവ്യാധികൾ തടയാൻ പ്രതിരോധശീലങ്ങൾ പാലിക്കുന്നതിൽ പൊതുജനങ്ങൾ അതീവജാഗ്രത പുലർത്തേണ്ടതുണ്ട്.

നൂറനാട് ഗ്രാമപഞ്ചായത്തിൽ 11 പേരിലാണ് കഴിഞ്ഞ രണ്ടാഴ്ചയ്ക്കുള്ളിൽ മഞ്ഞപ്പിത്ത രോഗലക്ഷണങ്ങൾ കണ്ടെത്തിയത്. ഈ രണ്ട് പ്രദേശങ്ങളിലും രോഗബാധിതരായ വ്യക്തികളിൽ നിന്നുമാണ് മറ്റുള്ളവരിലേക്ക് രോഗബാധയുണ്ടായതായി രോഗനിരീക്ഷണത്തിൽ കണ്ടെത്തിയത്. പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി സൂപ്പർ ക്ലോറിനേഷനും ബോധവൽക്കരണ പ്രവർത്തനങ്ങളും നടന്നുവരുന്നു.



സൺഡേ സ്കൂൾ അങ്കമാലി ഭദ്രാസന സെമിനാർ ഡോ. എബ്രഹാം മോർ സെവേറിയോസ് മെത്രാപോലീത്ത ഉത്ഘാടനം ചെയ്യുന്നു, ജനറൽ സെക്രട്ടറി പി.വി. എലിയാസ്, ജോർജ് മാന്തോട്ടം കോർ എപ്പിസ്കോപ്പ, ഫാദർ ബേസിൽ ബേബി, ഫാദർ മാത്യൂസ് കുഴിവേലിപുറത്ത്, ഫാദർ എബി വർക്കി, ഡയറക്ടർ പി വി ജേക്കബ്, സെക്രട്ടറി എൻ.സി പൗലോസ് തുടങ്ങിയവർ സമീപം.

# സൺഡേ സ്കൂൾ അങ്കമാലി ഭദ്രാസന സെമിനാർ നടത്തി

**മൂവാറ്റുപുഴ:** മലങ്കര ജേക്കബൈറ്റ് സിറിയൻ സൺഡേ സ്കൂൾ അസോസിയേഷനിലെ അങ്കമാലി, പെരുമ്പാവൂർ, കോതമംഗലം,ഹൈറേഞ്ച്, മൂവാറ്റുപുഴ എന്നീ അഞ്ച് മേഖലകൾ ഉൾപ്പെട്ട അങ്കമാലി ഭദ്രാസനത്തിൻറെ അധ്യാപക സെമിനാർ കാരക്കുന്നം മർത്തമറിയം യാക്കോബായ സുറിയാനി കത്തീഡ്രലിൽ ഡോ. എബ്രഹാം മോർ സേവേറിയോസ് മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്തു.

വികാരി ഫാ.ബേസിൽ ബേബി നറുക്കിയിൽ അധ്യക്ഷത വഹിച്ചു. ഏലിയാസ് മാർ യൂലിയോസ് മെത്രാപ്പോലീത്ത അനുഗ്രഹ പ്രഭാഷണം നടത്തി. എം.ജെ.എസ്.എസ്.എ ജനറൽ സെക്രട്ടറി പി.വി. ഏലിയാസ് മുഖ്യപ്രഭാഷണം നടത്തി.

ഫാ. മാത്യൂസ് കുഴിവേലിപ്പുറത്ത്, എം.ജെ.എസ്.എസ്.എ. സെക്രട്ടറി എൻ.എ. ജോസ്, ട്രഷറർ എൽദോ ഐസക്, പരീക്ഷാ കൺട്രോളർ എം കെ വർഗീസ്, ഭദ്രാസന ഡയറക്ടർ പി.വി ജേക്കബ്, സെക്രട്ടറി എൻ.സി. പൗലോസ്,കുര്യൻ വർഗീസ്, ഇ.വി. കുഞ്ഞപ്പൻ, ട്രസ്റ്റി മാരായ എ.വി. യാക്കോബ്, വി.പി. എൽദോസ്, ജിജി മത്തായി എന്നിവർ പ്രസംഗിച്ചു. ജോർജ് മാന്തോട്ടം കോർ എപ്പിസ്കോപ്പ, ഫാ. എബി വർക്കി എന്നിവർ ക്ലാസ്സ് എടുത്തു.

# വൈ.എം.സി.എ.വൈ.ഡബ്ളിയു.സി.എ. അഖില ലോക പ്രാർത്ഥനാവാരം നവംബർ 10 മുതൽ

**കൊച്ചി:** എറണാകുളം വൈ.എം.സി.എ.യുടെയും വൈ.ഡബ്ളിയു.സി.എ. യുടെയും ആഭിമുഖ്യത്തിൽ അഖില ലോക പ്രാർത്ഥനാവാരം ഈ വരുന്ന നവംബർ 10 മുതൽ 16 വരെ എറണാകുളം വൈ.ഡബ്ല്യു.സി.എ.യിലും വൈ.എം.സി.എ.യിലും ബ്രാഞ്ചുകളിലുമായി നടത്തപ്പെടും. 'വിശ്വാസ യാത്ര പ്രപഞ്ചത്തിലൂടെ" എന്ന വിഷയത്തെ ആസ്പദമാക്കി പഠനങ്ങളും, പ്രാർത്ഥനകളും, ഗാനശുശ്രൂഷകളും ഈ ദിനങ്ങളിൽ നടത്തും.

റവ.ഫാ.ഷാജി വർഗീസ് പാറക്കാട്, വികാരി, സെന്റ്.തോമസ് ബത്‌ലഹേം ജാക്കോബൈറ്റ് സിറിയൻ ചർച്ച് നിലംപതിഞ്ഞമുകൾ, കാക്കനാട് നവംബർ 10)0 തീയതി വൈകീട്ട് 5.30 ന് വൈ.ഡബ്ല്യു.യു.സി.എയിൽ വെച്ച് ഉത്ഘാടനം ചെയ്യും. റവ. കുര്യൻ പീറ്റർ, വികാരി, സെന്റ്. ഫ്രാൻസിസ്, സി. എസ്. ഐ. ചർച്ച്, ഫോർട്ട് കൊച്ചി, റവ. റ്റിജു ഡാനിയേൽ, വികാരി, സെന്റ്. മേരീസ് കത്തീഡ്രൽ, എറണാകുളം, റവ. ഫാ. ഡോ. കുര്യാക്കോസ് തണ്ണിക്കോട്ട്, വർക്കിംഗ് പ്രസിഡന്റ്, സക്കറിയ മാർ അന്തോനിയോസ് കാരുണ്യനിലയം, കളമശ്ശേരി, ഫാ. ആന്റണി റാഫേൽ കോമരഞ്ചാത്ത്, പി. ആർ.ഒ, ലൂർദ് ഹോസ്പിറ്റൽ, എറണാകുളം, റവ. കെ.ജി. ജോസഫ്, വികാരി, ജെറുസലേം മാർത്തോമാ ചർച്ച്, എളംകുളം, റവ. ഡോ. ജേക്കബ് തോമസ്, ഫോർമർ പ്രൊഫസർ, യൂണിയൻ ബിബ്ലിക്കൽ, സെമിനാരി, പൂനെ എന്നീ പ്രശസ്തരായ പ്രാസംഗീകർ വിവിധ ദിവസങ്ങളിൽ ഈ വിഷയത്തെ ആസ്പദമാക്കി സന്ദേശങ്ങൾ നൽകുന്നതാണ്.

വിവിധ പള്ളികളിലെ കൊയർ ഗ്രൂപ്പുകൾ ഈ പ്രാർത്ഥനവാരത്തിൽ പങ്കെടുക്കുന്നതാണ്. ആദ്യ 3 ദിവസങ്ങളിൽ വൈ.ഡബ്ല്യു.സി.എയിൽ 5.30 നും എറണാകുളം വൈ.എം.സി.എയുടെ ബ്രാഞ്ചുകളിലും പ്രൊജെക്റ്റുകളിലും വൈകീട്ട് 6 മണിക്കും പ്രാർത്ഥന നടത്തപ്പെടുന്നതാണ്.

# തിയതി നീട്ടി

**കൊച്ചി:** കേരള കള്ളു വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ തൊഴിലാളികളുടെ മക്കൾക്കുള്ള 202425 അധ്യയന വർഷത്തെ വിദ്യാഭ്യാസ സ്കോളർഷിപ്പ്, ലാപ്ടോപ്പ് അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി നവംബർ 20 വരെ നീട്ടി .

അപേക്ഷാഫോമുകൾ ജില്ലാ ഓഫീസിലും വിവിധ ട്രേഡ് യൂണിയൻ ഓഫീസുകളിലും ലഭ്യമാണ്. ഫോൺ: 0484 2800581.

സൊസൈറ്റി ടുഡേ
SOCIETY TODAY



# റെയിൽവേ അടിസ്ഥാന സൗകര്യങ്ങളുടെ സമഗ്രമായ പരിശോധന നടത്തി കേന്ദ്ര മന്ത്രി

**കൊച്ചി :** കേന്ദ്ര റെയിൽവേ, ഇലക്ട്രോണിക്സ്, വാർത്താവിതരണ പ്രക്ഷേപണ വകുപ്പ് മന്ത്രി അശ്വിനി വൈഷ്ണവ്, ദക്ഷിണ റെയിൽവേ ജനറൽ മാനേജർ ആർ.എൻ. സിംഗ്, തിരുവനന്തപുരം ഡിവിഷണൽ റെയിൽവേ മാനേജർ ഡോ. മനീഷ് തപ്ലിയാൽ, വിവിധ വകുപ്പ് മേധാവികൾ, മറ്റ് മുതിർന്ന ഉദ്യോഗസ്ഥർ എന്നിവർ പ്രത്യേക പരിശോധനാ ട്രെയിനിൽ ആലുവ കോഴിക്കോട് സെക്ഷനിലെ റെയിൽവേ അടിസ്ഥാന സൗകര്യങ്ങളുടെ സമഗ്രമായ പരിശോധന നടത്തി. ഈ പരിശോധനയിൽ, പ്രധാന റെയിൽവേ അടിസ്ഥാന സൗകര്യ പദ്ധതികളും ഈ റെയിൽവേ മേഖലയിലെ സമീപകാല വികസന പ്രവർത്തനങ്ങളും വിശദമായി അവലോകനം ചെയ്തു.

തൃശൂർ റെയിൽവേ സ്റ്റേഷനിലെ പുനർനിർമ്മാണ പ്രവൃത്തികൾ പരിശോധിച്ച മന്ത്രി, തൃശൂർ റെയിൽവേ സ്റ്റേഷന്റെ പുനർവികസനത്തിന് 393 കോടി അനുവദിച്ച കാര്യം മാധ്യമങ്ങളെ അഭിസംബോധന ചെയ്തുകൊണ്ട് പറഞ്ഞു. കേരളത്തിലെ റെയിൽവേ അടിസ്ഥാന സൗകര്യ വികസനം വർദ്ധിപ്പിക്കുന്ന കാര്യവും അദ്ദേഹം വ്യക്തമാക്കി.

കണക്ടിവിറ്റി വർദ്ധിപ്പിക്കുന്നതിനും പ്രാദേശിക വികസനത്തിന് പിന്തുണ നൽകുന്നതിനുമായി സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കേണ്ടതിന്റെ പ്രാധാന്യം എടുത്തു പറഞ്ഞ അദ്ദേഹം, കേരളത്തിന്റെ റെയിൽവേ അടിസ്ഥാന സൗകര്യ വികസനത്തിന് ഒരുമിച്ചുള്ള പ്രതിബദ്ധതയുണ്ടെന്നും ചൂണ്ടിക്കാട്ടി.

ഫിഷറീസ്, മൃഗസംരക്ഷണം, ക്ഷീരോൽപ്പാദനം, ന്യൂനപക്ഷകാര്യ വകുപ്പ് സഹ മന്ത്രി ജോർജ് കുര്യൻ, മുൻ കേന്ദ്ര വിദേശകാര്യ, പാർലമെന്ററികാര്യ സഹമന്ത്രി വി.മുരളീധരൻ, റെയിൽവേ മന്ത്രാലയത്തിന്റെ യാത്രാസൗകര്യ സമിതി മുൻ ചെയർമാൻ പി.കെ.കൃഷ്ണദാസ് എന്നിവരും കേന്ദ്ര റെയിൽവേ മന്ത്രിയെ അനുഗമിച്ചു.

# കാരോട്, കന്യാകുമാരി നാലുവരിപ്പാത നിർമാണം വൈകുന്നു

**നാഗർകോവിൽ:** കാരോട് കന്യാകുമാരി നാലുവരിപ്പാതയുടെ നിർമാണപ്രവർത്തനം വൈകുന്നു. 2016ൽ ആരംഭിച്ച പണികൾ ഇപ്പോഴും ഇഴയുകയാണ്. ഇതിന് മുഖ്യകാരണമായി പറയപ്പെടുന്നത് റോഡ് പണിക്കാവശ്യമായ അസംസ്കൃത വസ്തുക്കൾ കൊണ്ടുവരുന്നതിനുള്ള നിയന്ത്രണങ്ങൾ തന്നെയാണ്. നിലവിൽ റോഡ് പണിക്കാവശ്യമായ കല്ല്, മണ്ണ് തുടങ്ങിയവ തിരുനെൽവേലി ജില്ലയിൽ നിന്നാണ് കൊണ്ടു വരുന്നത്. എന്നാൽ ഒരോ തവണയും ചെക്ക് പോസ്റ്റുകളിൽ ഏർപ്പെടുത്തുന്ന നിയന്ത്രണങ്ങൾ കാരണം അസംസ്കൃതവസ്തുക്കൾ എത്തുന്നത് വൈകാൻ കാരണമാകുന്നതായി അധികൃതർ പറഞ്ഞു. രാത്രി സമയങ്ങളിൽ ലോറികളിൽ മണ്ണ് കയറ്റി കൊണ്ടുവരാൻ നിയന്ത്രണമുണ്ട്. നിർമാണ പ്രവർത്തനം പൂർത്തിയാക്കാൻ 30 ക്യുബിക് ടൺ മണ്ണ് ആവശ്യം വരുമെന്ന് അധികൃതർ പറഞ്ഞു. 53.7 കിലോമീറ്റർ ദൂരം വരുന്ന പാതയിൽ ഇതുവരെ 34 കിലോമീറ്റർ നിർമാണം മാത്രമാണ് പൂർത്തിയായിട്ടുള്ളത്.



ദേശീയപാതയിൽ വില്ലുക്കുറിക്ക് സമീ പം തോട്ടിയോടിൽ 325 മീറ്റർ ദൂരം വരുന്ന മേൽപാലത്തിന്റെ പണി രണ്ടു മാസത്തിനുള്ളിൽ പൂർത്തിയാക്കാനാകുമെന്ന് അധികൃതർ പറഞ്ഞു. ഇവിടെ റോഡിന് ഇരുവശങ്ങളിലുമായി സർവീസ് റോഡുകളും പണിതു വരുന്നു. അവയുടെ പണിയും പുരോഗമിക്കുന്നു. കന്യാകുമാരി റോഡിൽ വഴുക്കംപാറയിൽ 540 മീറ്റർ നീളം വരുന്ന മേൽപാലത്തിന്റെ പണിയും നടന്നു വരുന്നു. നിയന്ത്രണങ്ങളിൽ അയവ് വരുത്തിയാൽ ഒരു വർഷത്തിനുള്ളിൽ പണികൾ പൂർത്തിയാക്കാനാകുമെന്ന പ്രതീക്ഷയിലാണ് അധികൃതർ.

പണി പൂർത്തിയായാൽ സംസ്ഥാന അതിർത്തിയായ കാരോട് നിന്ന് നാഗർകോവിലിലേക്ക് 30 മിനിറ്റ് കൊണ്ടും കന്യാ കുമാരിയിലേ ക്ക് 45 മിനിറ്റ് കൊണ്ടും എത്തിച്ചേരാനാകുമെന്ന് അധികൃതർ പറഞ്ഞു.

# അഖില ഭാരതീയ നാരായണീയ മഹോത്സവ സമിതി ജില്ലാ സമ്മേളനം

**കൊച്ചി:** അഖില ഭാരത നാരായണീയ മഹോത്സവ സമിതി എറണാകുളം ജില്ലസമിതിയുടെ യോഗം ആലുവ പെരുംമ്പിള്ളി ക്ഷേത്ര ഓഡിറ്റോറിയത്തിൽ വച്ച് നടന്നു. എസ് അജിത് കുമാർ അധ്യക്ഷത വഹിച്ചു സംസ്ഥാന ജനറൽ സെക്രട്ടറി ഐ ബി ശശി മുഖ്യ പ്രഭാഷണം നടത്തി. ടി യു മനോജ്, ശങ്കരൻ നമ്പ്യാർ എന്നിവർ സംസാരിച്ചു.

ശ്രീകൃഷ്ണ ജന്മസ്ഥലമായ മധുരയിൽ സാന്ദ്രാനന്ദം നാരായണീയ പാരായണത്തിൽ ജില്ലയിൽ നിന്നും 500 പേരെ പങ്കെടുപ്പിക്കുവാൻ തീരുമാനിച്ചു, ഡിസംബർ 13 നാരായണീയ ദിനത്തിൽ എല്ലാ നാരായണ സമിതികളിലും വിപുലമായ പരിപാടികളോടെ നടത്തുവാൻ തീരുമാനിച്ചു. തുടർന്ന് എറണാകുളം ജില്ലാ ഭാരവാഹികളെ തിരഞ്ഞെടുത്തു.

പി മോഹൻ ദാസ് എൻ എൻ ശങ്കരൻ നമ്പ്യാർ അഡ്വക്കേറ്റ് ടിആർ രാമനാഥ് പങ്കജാക്ഷി കുഞ്ഞമ്മ ഓമന ഉപേന്ദ്രൻ പ്രൊഫസർ വിജയലക്ഷ്മി ടീച്ചർ (രക്ഷാധികാരിമാർ )എസ് അജിത് കുമാർ (പ്രസിഡണ്ട്) ഉണ്ണികൃഷ്ണക്കുറുപ്പ് (വർക്കിംഗ് പ്രസിഡണ്ട്) നന്ദകുമാർ ജ്യോതിഷ ആചാര്യ ഉഷ ടീച്ചർ സനൽകുമാർ എളമക്കര (വൈസ് പ്രസിഡണ്ട്മാർ) രാജേഷ് ബാബു (സെക്രട്ടറി) രാജി വിജയൻ കർത്ത ശ്രീദേവി രശ്മി ബാബു ലാലൻ , കെ കെ ശശിനാഥ് (ജോയിൻ സെക്രട്ടറിമാർ ) രാജേന്ദ്രൻ കടവന്ത്ര (ട്രഷറർ)

മൂവാറ്റുപുഴ ഉപജില്ല പ്രസിഡണ്ട് ബാബു സെക്രട്ടറി പി എം അനിൽകുമാർ ട്രഷറർ കെ എസ് ബാബു കൊച്ചി ഉപജില്ല പ്രസിഡണ്ട് ശ്രീകണ്ഠൻ നായർ സെക്രട്ടറി രമണി പള്ളുരുത്തി ട്രഷറർ ജയലക്ഷ്മി ആലുവ ഉപജില്ല പ്രസിഡണ്ട് ശ്യാമള വിജയൻ സെക്രട്ടറി കെ പി ശശീന്ദ്രൻ തുരുത്ത് ട്രഷറർ ശോഭ ജയൻ എന്നിവരെ യോഗം തെരഞ്ഞെടുത്തു രാജേഷ് ബാബു സ്വാഗതവും ജയലക്ഷ്മി നന്ദിയും രേഖപ്പെടുത്തി.

# ആറളം ഫാമിൽ നടപ്പാക്കുന്നത് കാർഷിക സംരംഭക സഹകരണ പദ്ധതി

കണ്ണൂർ: ആറളം മേഖലയിൽ 2004ൽ സംസ്ഥാന സർക്കാർ ഏറ്റെടുത്ത ഭൂമിയിൽ കൃഷിയിടമായി നിലനിർത്തിയ പ്രദേശത്ത് വിവിധ പ്രതിസന്ധികൾ മൂലം പൂർണമായി കൃഷിക്കായി ഉപയോഗപ്പെടുത്താൻ സാധിച്ചിട്ടില്ലെന്നും ഫാമിൽ തരിശായി കിടക്കുന്ന ഭൂമി കർഷക സംരംഭ സഹകരണത്തിലൂടെ, ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള നാണ്യവിളകൃഷികളിലൂടെ ഫാമിന് വരുമാനവും ആദിവാസി സമൂഹത്തിലെ തൊഴിലാളികൾക്ക് തൊഴിലും ഉറപ്പാക്കുന്നതിനായാണ് ആറളം ഫാമിങ് കോർപറേഷൻ കേരള ലിമിറ്റഡ് തീരുമാനം എടുത്തതെന്നും മാനേജിംഗ് ഡയറക്ടർ കാർത്തിക് പാണിഗ്രഹി വാർത്താക്കുറിപ്പിൽ അറിയിച്ചു.

കാർഷിക സംരംഭക സഹകരണ പദ്ധതികൾ നടപ്പിലിക്കാൻ താൽപര്യ പത്രങ്ങൾ പരസ്യമായി ക്ഷണിച്ചതിനുശേഷം ഫാം മുന്നോട്ടുവെച്ച ഉപാധികളുമായി സഹകരിക്കാൻ തയ്യാറായ കാർഷിക സംരംഭങ്ങളുമായി ഹ്രസ്വകാലദീർഘകാല സഹകരണ പദ്ധതിക്ക് ഉടമ്പടികളാണ് ഇപ്പോൾ വെച്ചിട്ടുള്ളത്.

നിലവിലുള്ള സർക്കാർ ചട്ടങ്ങൾ പാലിച്ചു കൊണ്ട് ഫാം ഭൂമിയിൽ കൃഷി നടപ്പാക്കാനുള്ള അനുമതി മാത്രമാണ് ഉടമ്പടി വഴി നൽകുന്നത്. പാട്ടം, ലീസ് എന്നിങ്ങനെയുള്ള യാതൊരു വ്യവസ്ഥകളും മുൻനിർത്തി ഒരു ഉടമ്പടിയും വെച്ചിട്ടില്ല. ഫാം ഭൂമിയുടെ അധികാരം പൂർണമായും ആറളം ഫാമിങ് കോർപറേഷൻ കേരള ലിമിറ്റഡിന് തന്നെയാണ്.

ആകെ തൊഴിലിന്റെ 70 ശതമാനം ആദിവാസി വിഭാഗങ്ങൾക്ക് നൽകണമെന്ന് അനുമതി പത്രത്തിൽ പ്രത്യേകം നിഷ്കർഷിച്ചിട്ടുണ്ട്. ഇതിലൂടെ പ്രതിവർഷം അര ലക്ഷത്തിലധികം തൊഴിൽ ദിനങ്ങളും അധികമായി ലഭിക്കും. കാർഷിക വരുമാനത്തിന്റെ നിശ്ചിത തുക മിനിമം ഗ്യാരന്റിയാക്കിയാണ് ഫാം മാനേജ്മെന്റ് ഉടമ്പടി ഒപ്പുവെച്ചിട്ടുള്ളത്.

ഫാമിന്റെ നിലവിലുള്ള കൃഷിയിടങ്ങളും ഭൂമിയും സർക്കാർ ഗ്രാന്റുകളും പദ്ധതികളും ലഭ്യമാക്കി നേരിട്ട് സംരക്ഷിക്കുകയും പുഷ്ടിപ്പെടുത്തുകയും വൈവിധ്യവത്കരണം നടപ്പാക്കുകയും ചെയ്യുന്നതിനൊപ്പം തന്നെ നിലവിൽ തരിശായ ഭൂമി കാർഷിക സംരംഭക സഹകരണ പദ്ധതി വഴി വരുമാനദായകമാക്കുകയും ആദിവാസികൾക്ക് തൊഴിൽസുരക്ഷ ഉറപ്പുവരുത്തുകയും ചെയ്യാൻ ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങളാണ് ആറളം ഫാമിങ് കോർപറേഷൻ കേരള ലിമിറ്റഡ് നടത്തുന്നതെന്ന് എംഡി വാർത്താക്കുറിപ്പിൽ അറിയിച്ചു.

സൊസൈറ്റി ടുഡേ
SOCIETY TODAY



# മുസിരിസ് പൈതൃക പദ്ധതി: കനാൽ നവീകരണം അന്തിമ ഘട്ടത്തിൽ

**ആലപ്പുഴ:** മുസിരിസ് പൈതൃക പദ്ധതിയുടെ ഭാഗമായി ജില്ലാ ഭരണകൂടം നടപ്പാക്കുന്ന കനാൽ നവീകരണം അന്തിമ ഘട്ടത്തിൽ. സ്വകാര്യ ഏജൻസികളുടെ സഹകരണത്തോടെ കനാൽ തീരത്ത് ചെടികൾ വച്ചുപിടിപ്പിക്കുന്നതും ശിൽപങ്ങളും മറ്റും സ്ഥാപിക്കുന്നതും പൂർത്തിയായി. കനാൽ തീരം 5 കിലോമീറ്ററിൽ നവീകരിക്കുന്നതിന്റെയും പരിപാലിക്കുന്നതിന്റെയും ചുമതല വീതിച്ച് നൽകിയിട്ടുള്ളത് പൊതുമേഖലയിലെയും സ്വകാര്യ മേഖലയിലെയും ഉൾപ്പെടെ 12 സ്ഥാപനങ്ങൾക്കാണ് . മുസിരിസ് ആയിരിക്കും 5 വർഷത്തേക്ക് പദ്ധതി നിർവഹണ മാർഗനിർദേശങ്ങൾ നൽകുക.

നഗരസഭ, കയർഫെഡ്, കയർ കോർപറേഷൻ, വികെഎൽ എന്നീ സ്ഥാപനങ്ങൾ ഏറ്റെടുത്ത ഭാഗങ്ങൾ പൂർത്തിയായി. മുസിരിസ്, ഡിഎംഒ ആയുർവേദ, സെന്റ് ജോസഫ്സ് ഗേൾസ് ഹയർ സെക്കൻഡറി സ്കൂൾ, എൻസി ജോൺ ആൻഡ് സൺസ്, വില്യം ഗുഡേക്കർ, തറയിൽ ഫ്ലവേഴ്സ്, സത്യസായി ഓർഗനൈസേഷൻ തുടങ്ങിയ ഏജൻസികളെ ഏൽപിച്ച തീരങ്ങളുടെ നവീകരണം പുരോഗതിയിലാണ്. ആളുകൾക്ക് ഇരിപ്പിടവും കുത്ത്ബാൽ ചാവടി പാലം മുതൽ ബാപ്പു വൈദ്യർ ജംക്ഷൻ വരെ ഇരു കരകളിലും സൈക്കിൾ ട്രാക്കും നിർമിക്കണം.

കനാൽ സൗന്ദര്യവൽക്കരണത്തിനു മുന്നോടിയായി കിഫ്ബി ഫണ്ടിൽ നിന്നു 108 കോടി രൂപ ചെലവഴിച്ച് കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് കോർപറേഷൻ ലിമിറ്റഡിന്റെ (കിഡ്ക്) ചുമതലയിൽ 3 ഘട്ടങ്ങളായി വാടത്തോട്, വാണിജ്യത്തോട്, എഎസ് തോട് തുടങ്ങി 9 വലിയ തോടുകളിലെയും 136 ചെറു തോടുകളിലെയും ചെളി കോരി വൃത്തിയാക്കി. കുറെ ഭാഗങ്ങൾ കല്ലുകെട്ടി. ഉപ്പൂട്ടി തോട്, മുറിഞ്ഞപുഴ, വാണിജ്യ തോട് വെസ്റ്റ്, ഈസ്റ്റ്, കൊട്ടാരം തോട്, ആലപ്പുഴ, അമ്പലപ്പുഴ തോട് തുടങ്ങിയ തോടുകളിൽ 100 കിലോമീറ്ററിലേറെ 3 ഘട്ടങ്ങളായി നവീകരണം പൂർത്തിയായി എന്ന് കിഡ്ക് അധികൃതർ പറഞ്ഞു.

## കുട്ടനാട്ടിൽ കാർഷിക പൈതൃക വീടുകളുടെ സർവേ തുടങ്ങി

**കുട്ടനാട്:** കുട്ടനാടൻ ഇനിഷ്യേറ്റീവ്, ചങ്ങനാശേരി അസംപ്ഷൻ കോളജ് എന്നിവയുടെ നേതൃത്വത്തിൽ കുട്ടനാട്ടിലെ കാർഷിക പൈതൃക വീടുകളുടെ കണക്കെടുപ്പിനു പുളിങ്കുന്ന് പഞ്ചായത്തിൽ തുടക്കമായി. തുടർന്നു കുട്ടനാട്ടിലെ മുഴുവൻ പഞ്ചായത്തിലും 6 മാസം കൊണ്ടു സർവേ പൂർത്തിയാക്കാനാണു പരിപാടി.അസംപ്ഷൻ കോളജ് ചരിത്ര ബിരുദ ഒന്നാം വർഷ വിദ്യാർഥികളും മ്യൂസിയോളജി ആർക്കിയോളജി ഒന്നാം വർഷ ബിരുദ വിദ്യാർഥികളും സർവേയിൽ പങ്കെടുക്കുന്നു

പരമ്പരാഗത ശൈലിയിൽ നിർമിച്ചതും നൂറ്റാണ്ടു പഴക്കമുള്ളതുമായ കുട്ടനാട്ടിലെ വീടുകളുടെ സംരക്ഷണത്തിനു സഹായമാകുന്ന തരത്തിൽ പദ്ധതികൾ ആസൂത്രണം ചെയ്യുകയാണു സർവേയുടെ ഉദ്ദേശം.

## കാറ്ററിംഗ് യൂണിറ്റുകളിൽ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ വ്യാപക പരിശോധന

**തിരുവനന്തപുരം:** മധ്യ കേരളത്തിൽ കാറ്ററിംഗ് യൂണിറ്റുകൾ കേന്ദ്രീകരിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പ് സ്പെഷ്യൽ ടാസ്ക് ഫോഴ്സിന്റെ നേതൃത്വത്തിൽ പരിശോധനകൾ നടത്തിയതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. പൊതുജനങ്ങൾ വിവിധ ചടങ്ങുകളോടനുബന്ധിച്ചും അല്ലാതെയും ആശ്രയിച്ചു വരുന്ന കാറ്ററിംഗ് യൂണിറ്റുകളെ ബന്ധപ്പെട്ടുണ്ടാകുന്ന ഭക്ഷ്യവിഷബാധകളും അനുബന്ധ പരാതികളും ഉയർന്നു വരുന്ന സാഹചര്യത്തിലാണ് പരിശോധനകൾ നടത്തിയത്. ഭക്ഷ്യസുരക്ഷ സ്പെഷ്യൽ ടാസ്ക് ഫോഴ്സിന്റെ നേതൃത്വത്തിൽ സെൻട്രൽ സോണിന്റെ കീഴിൽ വരുന്ന ജില്ലകളിലെ കാറ്ററിംഗ് യൂണിറ്റുകളിലാണ് നവംബർ 1, 2 തീയതികളിലായി വ്യാപക പരിശോധനകൾ നടത്തിയത്. പാലക്കാട്, തൃശൂർ, എറണാകുളം, ഇടുക്കി, കോട്ടയം എന്നീ ജില്ലകൾ കേന്ദ്രീകരിച്ച് 30 സ്ക്വാഡുകളായി തിരിഞ്ഞ് 151 സ്ഥാപനങ്ങളിലാണ് പരിശോധനകൾ നടത്തിയത്. കർശന പരിശോധനകൾ തുടരുമെന്നും മന്ത്രി വ്യക്തമാക്കി.

കാറ്ററിംഗ് യൂണിറ്റുകളിലെ ലൈസൻസ്, ജീവനക്കാരുടെ മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റുകൾ, വെള്ളം പരിശോധിച്ച റിപ്പോർട്ട്, പെസ്റ്റ് കൺട്രോൾ മാനദണ്ഡങ്ങൾ, പൊതുവായ ശുചിത്വം, പാചകത്തിനായി ഉപയോഗിക്കുന്ന വസ്തുക്കൾ, ഭക്ഷണം ട്രാൻസ്പോർട്ട് ചെയ്യുന്ന രീതികൾ എന്നിവ കർശന പരിശോധനയ്ക്ക് വിധേയമാക്കി.

വിശദ പരിശോധനയ്ക്കായി 32 സ്ഥാപനങ്ങളിൽ നിന്നും നിയമാനുസൃത സാമ്പിളുകൾ ശേഖരിച്ച് ലാബുകളിൽ പരിശോധനയ്ക്കയച്ചു. മറ്റ് അപാകതകൾ കണ്ടെത്തിയ സ്ഥാപനങ്ങളിൽ 58 സ്ഥാപനങ്ങൾക്ക് പിഴ ഒടുക്കുന്നതിനുള്ള നോട്ടീസ് നൽകുകയും 13 സ്ഥാപനങ്ങൾക്ക് റെക്ടിഫിക്കേഷൻ നോട്ടീസുകൾ നൽകുകയും 9 സ്ഥാപനങ്ങൾക്ക് ഇപ്രൂവ്മെന്റ് നോട്ടീസുകൾ നൽകുകയും ചെയ്തു. നിയമപരമായ ലൈസൻസില്ലാതെയും ഭക്ഷ്യസുരക്ഷാ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായും പ്രവർത്തിക്കുന്ന 8 സ്ഥാപനങ്ങളുടെ പ്രവർത്തനം നിർത്തിവയ്പിച്ചു.

# വൈക്കത്തഷ്ടമി 23 ന്; ആലോചനായോഗം ചേർന്നു

**വൈക്കം:** വൈക്കത്തഷ്ടമി സുഗമമാക്കാൻ പൊതുജനങ്ങളും സർക്കാർ സംവിധാനങ്ങളും ഒറ്റക്കെട്ടായി പ്രവർത്തിക്കണമെന്ന് മന്ത്രി വി.എൻ.വാസവൻ പറഞ്ഞു. വൈക്കത്തഷ്ടമി, ശബരിമല തീർഥാടക സൗകര്യങ്ങൾ വിലയിരുത്താൻ ചേർന്ന ആലോചനായോഗം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. 12നു രാവിലെ 8നും 8.45നും മധ്യേ ഉത്സവം കൊടിയേറും. 23നാണ് അഷ്ടമി. 24 മണിക്കൂറും പൊലീസ്, അഗ്നിരക്ഷാ സേന, എക്സൈസ് വിഭാഗങ്ങളുടെ കൺട്രോൾ റൂമുകൾ പ്രവർത്തിക്കും. ക്ഷേത്രത്തിലും പരിസരങ്ങളിലും സുരക്ഷാ ക്രമീകരണങ്ങൾക്കായി 550 പൊലീസ് ഉദ്യോഗസ്ഥരെ വിന്യസിക്കും. ക്ഷേത്രവും പരിസരവും സിസിടിവിയുടെ നിരീക്ഷണത്തിലായിരിക്കും. ഇതിനായി 45 സ്ഥിരം സിസിടിവി ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്.

തകരാറിലായ സിസി ടിവികളും ഹൈമാസ്റ്റ് ലൈറ്റുകളും അഷ്ടമിക്കു മുൻപായി നന്നാക്കും. ലഹരി വസ്തുക്കളുമായി വിതരണക്കാർ മേഖലയിലേക്ക് എത്താനുള്ള സാധ്യത കൂടുതലാണെന്നും പ്രതിരോധിക്കാനായി സംയുക്ത സ്ക്വാഡ് രൂപീകരിക്കണമെന്നും മന്ത്രി പറഞ്ഞു.ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന അത്യാഹിത വിഭാഗം, ആംബുലൻസ് മരുന്ന് സേവനങ്ങളും ലഭ്യമാകും. ക്ഷേത്രത്തിനു സമീപം, നഴ്സുമാർ ഉൾപ്പെടുന്ന പ്രത്യേക മെഡിക്കൽ സംഘത്തെ നിയോഗിക്കും.

കച്ചവട സ്ഥാപനങ്ങളിലെ വില നിലവാരം ഏകീകരണം, പായ്ക്കറ്റ് ഭക്ഷ്യവസ്തുക്കൾ ഉൾപ്പെടെയുള്ളവയുടെ ഗുണമേന്മ ഉറപ്പാക്കൽ എന്നിവയ്ക്കായി ലീഗൽ മെട്രോളജി വകുപ്പും ഭക്ഷ്യസുരക്ഷാ വകുപ്പും പരിശോധന നടത്തും. ക്ഷേത്രത്തിലെയും മറ്റു കുടിവെള്ള സ്രോതസുകളിലെ വെള്ളം പരിശോധിച്ച് ഗുണനിലവാരം ഉറപ്പാക്കും.

ചീഫ് വെറ്ററിനറി ഓഫിസറുടെ നേതൃത്വത്തിൽ എലിഫന്റ് സ്ക്വാഡും പ്രവർത്തിക്കും. ക്ഷേത്രവും പരിസരവും മാലിന്യമുക്തമാക്കാൻ ഹരിതകർമ സേനാ അംഗങ്ങൾക്കൊപ്പം കുടുംബശ്രീ സിഡിഎസ് അംഗങ്ങളെയും നിയോഗിക്കുമെന്ന് നഗരസഭ അറിയിച്ചു. ജൈവ മാലിന്യ സംസ്കരണത്തിനു പ്രത്യേക സജ്ജീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.വഴിയോര കച്ചവടത്തിന് അനുമതി നൽകുമ്പോൾ വൈദ്യുതത്തൂണുകൾ കടകൾക്കുള്ളിൽ വരാത്ത വിധം നൽകണമെന്ന കെഎസ്ഇബിയുടെ നിർദേശം യോഗം അംഗീകരിച്ചു. വൈക്കം കായലോര ബീച്ചിൽ ബാരിക്കേഡ് സംവിധാനം ഉണ്ടാകും.ജലഗതാഗത വകുപ്പ് സ്പെഷൽ സർവീസ് ഉൾപ്പെടെ ഏർപ്പെടുത്തും. ആൾത്തിരക്ക് പരിഗണിച്ച് തവണക്കടവിലും വൈക്കത്തുമുള്ള ബോട്ട് ജെട്ടികളിൽ ബാരിക്കേഡുകൾ സ്ഥാപിക്കും. കെഎസ്ആർടിസി വിവിധ സ്ഥലങ്ങളിലേക്ക് അധിക സർവീസുകൾ നടത്തും. 15 ബസുകൾ ഇതിനായി തയാറാക്കും. നഗരത്തിൽ താൽക്കാലിക ശുചിമുറി സംവിധാനം ഒരുക്കും. സ്വകാര്യ ബസുകൾക്കു പാർക്കിങ് സംവിധാനം ഒരുക്കണമെന്ന ആവശ്യവും പരിഗണിക്കും. താലൂക്ക് ആശുപത്രിയിലേക്കുള്ള റോഡ് അടിയന്തരമായി നന്നാക്കും. ആശുപത്രി, ബോട്ട് ജെട്ടി എന്നിവിടങ്ങളിൽ കൂടുതൽ പൊലീസുകാരെ വിന്യസിക്കും.യോഗത്തിൽ സി.കെ.ആശ എംഎൽഎ അധ്യക്ഷത വഹിച്ചു. കലക്ടർ ജോൺ വി.സാമുവൽ, നഗരസഭാധ്യക്ഷ പ്രീത രാജേഷ്, ഉപാധ്യക്ഷൻ പി.ടി.സുഭാഷ്, ജില്ലാ പഞ്ചായത്തംഗം പി.എസ്.പുഷ്പമണി, വാർഡ് കൗൺസിലർ കെ.ബി.ഗിരിജ കുമാരി, ക്ഷേത്ര ഉപദേശക സമിതി പ്രസിഡന്റ് വി.വി.നാരായണൻ നായർ, പാലാ ആർഡിഒയുടെ ചുമതല വഹിക്കുന്ന എം.അമൽ മഹേശ്വർ, അഡീഷനൽ എസ്.പി.വിനോദ് പിള്ള, വൈക്കം ഡിവൈഎസ്പി സിബിച്ചൻ ജോസഫ്, തഹസിൽദാർ എ.എൻ.ഗോപകുമാർ, ദേവസ്വം കമ്മിഷണർ കെ.ആർ.ശ്രീലത, ദേവസ്വം ബോർഡ് അസിസ്റ്റന്റ് കമ്മിഷണർ എം.ജി.മധു, അഡ്മിനിസ്ട്രേറ്റീവ് ഓഫിസർ വി.ഈശ്വരൻ നമ്പൂതിരി, അസിസ്റ്റന്റ് എൻജിനീയർ സി.ജെസ്ന, ഭക്ഷ്യസുരക്ഷാ ഓഫിസർ നീതു രവികുമാർ, സ്പെഷൽ ബ്രാഞ്ച് ഡിവൈഎസ്പി ടിപ്സൺ തോമസ് എന്നിവർ പ്രസംഗിച്ചു.



# ക്വട്ടേഷൻ ക്ഷണിച്ചു

**കൊച്ചി:** കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് എറണാകുളം ഡിവിഷന് കീഴിലുള്ള കാക്കനാട് വർക്കിംഗ് വിമൻസ് ഹോസ്റ്റലിൽ  സ്റ്റീൽ ഇൻസിനറേറ്റർ സ്ഥാപിക്കുന്നതിനായി ക്വട്ടേഷൻ ക്ഷണിച്ചു. ക്വട്ടേഷൻ സമർപ്പിക്കേണ്ട അവസാന തിയതി 11 ന് വൈകീട്ട് 3 മണി. ഫോൺ: 04842369059, 9497366385

**കൊച്ചി:** ജില്ലാ ലേബർ ഓഫീസിലേക്ക് ഔദ്യോഗിക ആവശ്യങ്ങൾക്കായി മാസവാടകയ്ക്ക് കരാർ അടിസ്ഥാനത്തിൽ ഓടുന്നതിന് ടാക്സി പെർമിറ്റുള്ള കാർ ഉടമകളിൽ നിന്നും ക്വട്ടേഷൻ ക്ഷണിച്ചു.
ഡ്രൈവർ സഹിതം ഏഴ് സീറ്റുകളോടു കൂടിയതും എ സി ഉള്ളതും  2019ന് ശേഷമുള്ള മോഡലും ആയിരിക്കണം. വണ്ടിയുടെ മെയിന്റനൻസ്, ഇന്ധന തുക എന്നിവ ഉടമ നേരിട്ട്  വഹിക്കണം. താത്പര്യമുള്ളവർ വാഹനത്തിന്റെ മോഡൽ, ബ്രാൻഡ്, രജിസ്ട്രേഷൻ നമ്പർ, കിലോമീറ്റർ ദൂരം ഓടുന്നതിനുള്ള വാടക (പ്രതിമാസം 40,000/ രൂപയിൽ അധികരിക്കാതെ), മേൽവിലാസം, ഫോൺ നമ്പർ എന്നിവ രേഖപ്പെടുത്തിയ ക്വട്ടേഷൻ നേരിട്ടോ തപാൽ മുഖേനയോ നവംബർ 30 ന് വൈകിട്ട് നാലിനു മുമ്പായി എത്തിക്കണം. ഫോൺ : 0484 2423110, 8547655266

## മാനേജരെ ആവശ്യമുണ്ട്

**കൊച്ചി:** കേന്ദ്ര സർക്കാർ സ്ഥാപനമായ ഗവൺമെന്റ് യൂത്ത് ഹോസ്റ്റലിലേക്ക് മാനേജരെ ആവശ്യമുണ്ട്. പ്രായം 35 60. യോഗ്യത ഡിഗ്രി, ഹോട്ടൽ മാനേജ്മെന്റിൽ  മൂന്നു വർഷത്തെ  പ്രവൃത്തി പരിചയം.  കേന്ദ്ര സേനയിൽ നിന്നും കേന്ദ്ര സംസ്ഥാന സർവീസിൽ നിന്നും ഗസറ്റഡ് റാങ്കിൽ ഇരുന്ന് വിരമിച്ചവർക്ക് മുൻഗണന . അപേക്ഷ സ്വീകരിക്കുന്ന അവസാന തിയതി നവംബർ 15. ഫോൺ 9188952808.



## കുസാറ്റിൽ ഒരാഴ്ച്ചത്തെ നാഷണൽ ഫാക്കൽറ്റി ഡെവലപ്മെന്റ് പ്രോഗ്രാം ഉദ്ഘാടനം ചെയ്തു

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ ഡി. ഡി. യു. കൗശൽ കേന്ദ്രയും സംസ്ഥാന ഉന്നത വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ച് എൻഗേജിങ് ഇന്റസ്ട്രി കൺസൾട്ടിങ് പ്രൊജക്റ്റ് എന്ന വിഷയത്തിൽ നടത്തുന്ന നാഷണൽ ഫാക്കൽറ്റി ഡെവലപ്മെന്റ് പ്രോഗ്രാം കുസാറ്റ് വൈസ് ചാൻസലർ പ്രൊഫ. ഡോ. എം. ജുനൈദ് ബുഷിരി ഉദ്ഘാടനം ചെയ്തു. ഡി. ഡി. യു. കെ. കെ. ഡയറക്ടർ പ്രൊഫ. ഡോ. സന്തോഷ് കുമാർ എസ്. അധ്യക്ഷത വഹിച്ച ചടങ്ങിൽ ഇ.വൈ പാർട്ണർ രാജേഷ് നായർ മുഖ്യ പ്രഭാഷണം നടത്തി. ചടങ്ങിൽ സിന്റിക്കേറ്റ് അംഗം പ്രൊഫ. ഡോ. ശശി ഗോപാലൻ, ഐ.ക്യു.എ.സി ഡയറക്ടറും സോഷ്യൽ സയൻസസ് ഡീനുമായ പ്രൊഫ. ഡോ. സാം തോമസ്, സംരംഭകനും മെൻററും എഴുത്തുകാരനുമായ എസ്. ആർ. നായർ, അസിസ്റ്റന്റ് പ്രൊഫസറും ഫാക്കൽറ്റി ഡെവലപ്മെന്റ് പ്രോഗ്രാം കോഓർഡിനേറ്ററുമായ സ്മിത സേവ്യർ പി, ഡോ. കീർത്തി ടി. ആർ എന്നിവർ സന്നിഹിതരായിരുന്നു. ഏഴു ദിവസത്തെ ഫാക്കൽറ്റി ഡെവലപ്മെന്റ് പ്രോഗ്രാമിൽ വ്യത്യസ്ത വിഷയങ്ങളിലായി പ്രമുഖർ ക്ലാസുകൾ നടത്തും.

## അസിസ്റ്റൻറ് പ്രൊഫസർ ഒഴിവ്

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ മറൈൻ ബയോളജി, മൈക്രോ ബയോളജി, ബയോകെമിസ്ട്രി വകുപ്പിൽ അസിസ്റ്റൻറ് പ്രൊഫസർമാരെ കരാറടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. ജീനോമിക്സ് സയൻസ്/ബയോടെക്നോളജി/മോളിക്യുലാർ ബയോളജിയിൽ ബിരുദാന്തര ബിരുദവും നെറ്റും ഉള്ളവർക്ക് അസിസ്റ്റൻറ് പ്രൊഫസർ (ജീനോമിക്സ്) തസ്തികയിലേക്ക് അപേക്ഷിക്കാം.ബയോ ഇൻഫോർമാറ്റിക്സ്/കമ്പ്യൂട്ടേഷൻ ബയോളജിയിൽ ബിരുദാനന്തര ബിരുദവും നെറ്റും ഉള്ളവർക്ക് അസിസ്റ്റൻറ് പ്രൊഫസ്സർ (ബയോ ഇൻഫൊർമാറ്റിക്സ്) തസ്തികയിലേക്ക് അപേക്ഷിക്കാം. പി.എച്ച്.ഡി അഭികാമ്യം. ഓൺലൈൻ അപേക്ഷ ഫോമും യോഗ്യത സംബന്ധിച്ച വിവരങ്ങളും www.recruit.cusat.ac.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.  ഓൺലൈൻ അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി നവംബർ 15. അപേക്ഷയുടെ ഹാർഡ് കോപ്പിയും യോഗ്യത സംബന്ധിച്ച മറ്റു വിവരങ്ങൾ അടങ്ങിയ രേഖകളും, രജിസ്ട്രാർ, കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല, കൊച്ചി എന്ന വിലാസത്തിൽ, നവംബർ 20 നുള്ളിൽ ലഭിക്കണം. കൂടുതൽ വിവരങ്ങൾക്ക്, 04842863217, 04842863215 എന്ന നമ്പറിൽ ബന്ധപ്പെടുക.



# കേരള സ്കൂൾ കായിക മേളയ്ക്ക് വർണാഭമായ തുടക്കം

**കൊച്ചി:** കായിക കേരളത്തിന്റെ പ്രതീക്ഷകൾ വാനോളമുയർത്തി കേരള സ്കൂൾ കായിക മേളയ്ക്ക് കൊച്ചിയിൽ വർണാഭമായ തുടക്കം. എറണാകുളം മഹാരാജാസ് കോളേജ് ഗ്രൗണ്ടിലെ വേദിയിൽ നടന്ന ചടങ്ങിൽ വിദ്യാഭ്യാസമന്ത്രി വി. ശിവൻകുട്ടി മേള ഉദ്ഘാടനം ചെയ്തു. പതിനാല് ജില്ലകളിൽ നിന്നും യുഎഇയിൽ നിന്നുമുള്ള കായികതാരങ്ങൾ അണിനിരന്ന മാർച്ച് പാസ്റ്റോടെയാണ് മേളയ്ക്ക് തുടക്കം കുറിച്ചത്.

സ്റ്റേഡിയത്തിൽ നടന്ന ദീപശിഖാപ്രയാണത്തിൽ പാലക്കാട് ജിഎംജി ഹയർസെക്കന്ററി സ്കൂളിലെ എസ്. സായന്ത്, മുരിക്കുംവയൽ വി.എച്ച്.എസ്.സി.യിലെ ജ്യുവൽ തോമസ്, കണ്ണൂർ സ്പോർട്ട്സ് സ്കൂളിലെ അഖില രാജ9, കണ്ണൂർ സ്പോർട്ട്സ് ഡിവിഷനിലെ ശ്രീജി ഷാജി, സവിശേഷ പരിഗണന അർഹിക്കുന്ന എസ്. യശിത, അനു ബിനു എന്നിവർ പങ്കെടുത്തു. തുടർന്ന് ഇവരിൽ നിന്നും മേളയുടെ ബ്രാൻഡ് അംബാസിഡറായ ഒളിമ്പ്യ9 പി. ആർ. ശ്രീജേഷ് ദീപശിഖ ഏറ്റുവാങ്ങി. വിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടിയും  പി. ആർ. ശ്രീജേഷും വെളി ഇ.എം.എച്ച്.എസ്സിലെ സവിശേഷ പരിഗണന അർഹിക്കുന്ന കായികതാരമായ ശ്രീലക്ഷ്മിയും ചേർന്ന് ദിപശിഖ തെളിയിച്ചു. ശ്രീജി ഷാജി കായികതാരങ്ങൾക്കുള്ള പ്രതിജ്ഞ ചൊല്ലിക്കൊടുത്തു.

മേളയോടനുബന്ധിച്ചു നടന്ന സാംസ്കാരിക പരിപാടിയുടെ ഉദ്ഘാടനം ചലചിത്രതാരം മമ്മൂട്ടി നിർവ്വഹിച്ചു. ടി.ജെ. വിനോദ് എംഎൽഎ അധ്യക്ഷത വഹിച്ചു. ഹൈബി ഈഡൻ എം.പി,  എം.എൽ.എമാരായ പി. വി. ശ്രീനിജിൻ, എൽദോസ് കുന്നപ്പിള്ളിൽ, കെ.എൻ. ഉണ്ണികൃഷ്ണൻ, ഉമ തോമസ്, കെ.ജെ. മാക്സി, കൊച്ചി മേയർ എം. അനിൽ കുമാർ, ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് മനോജ് മൂത്തേടൻ, ജില്ലാ കളക്ടർ എൻ എസ് കെ ഉമേഷ്, പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ചുമതല വഹിക്കുന്ന  ജീവൻ ബാബു, പൊതുവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി റാണി ജോർജ്, എസ് സി ഇ ആർ ടി ഡയറക്ടർ  ആർ. കെ. ജയപ്രകാശ്, സമഗ്ര ശിക്ഷ സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ എ. ആർ. സുപ്രിയ, കൈറ്റ് സി ഇ ഒ അൻവർ സാദത്ത്, മഹാരാജാസ് കോളജ് പ്രിൻസിപ്പൽ എസ്. ഷാജില ബീവി, പൊതു വിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ സി. എ. സന്തോഷ്, ഡെപ്യൂട്ടി ഡയറക്ടർ ഹണി ജി. അലക്സാണ്ടർ സ്പോർട്സ് ഓർഗനൈസർ സി. എസ്. പ്രദീപ് തുടങ്ങിയവർ പങ്കെടുത്തു. ഔദ്യോഗിക ഉദ്ഘാടനത്തിന് ശേഷം നാലായിരത്തിലധികം  കുട്ടികൾ അണിനിരന്ന സാംസ്കാരിക പരിപാടികൾ നടന്നു.  പിടി ഡിസ്പ്ലേ, കലസ്തെനിക്സ്, എയ്റോബിക്സ്, സൂംബ, അത്തച്ചമയം, ക്വീൻ ഓഫ് അറേബ്യൻ സീ, തിരുവാതിര, പുലികളി, ചെണ്ടമേളം തുടങ്ങിയവ അണിനിരന്നു. ചരിത്രത്തിൽ ആദ്യമായി രണ്ടായിരത്തോളം ഭിന്നശേഷി കുട്ടികൾ കായികമേളയുടെ മത്സരങ്ങൾക്കൊപ്പം പങ്കുചേരും.  17 വേദികളിലായി 24000 ഓളം കുട്ടികൾ മത്സരിക്കും.

# കേരളത്തിന്റെ കൗമാരശക്തി അത്ഭുതപ്പെടുത്തുന്നു: മമ്മൂട്ടി

**കൊച്ചി:** കേരളത്തിന്റെ കൗമാരശക്തിതന്നെ അത്ഭുതപ്പെടുത്തുന്നുവെന്ന് മമ്മൂട്ടി. കേരള സ്കൂൾ കായികമേളയോടനുബന്ധിച്ചുള്ള സാംസ്കാരിക പരിപാടികളുടെ ഉദ്ഘാടനം നി4വഹിക്കുകയായിരുന്നു അദ്ദേഹം. പ്രിയപ്പെട്ട തക്കുടുകളെയെന്ന് അഭിസംബോധന ചെയ്താണ് മമ്മൂട്ടി പ്രസംഗമാരംഭിച്ചത്.

നാടിന്റെ അഭിമാനതാരങ്ങളാണ് നിങ്ങൾ. ജീവിതത്തിൽ രണ്ടാമതോ മൂന്നാമതോ അവസരങ്ങൾ കിട്ടുന്നവ4 വളരെ ചുരുക്കമാണ്. കിട്ടുന്ന അവസരങ്ങളെല്ലാം ഉപയോഗപ്പെടുത്തുവാ9 ശ്രമിക്കണമെന്നും അദ്ദേഹം പറഞ്ഞു.

കൂടെ മത്സരിക്കുന്നവരാരും മോശക്കാരല്ലെന്ന് തിരിച്ചറിയണമെന്ന് അദ്ദേഹം കുട്ടികളെ ഓർപ്പെടുത്തി. കൂടെ ഓടാൻ ഒരാളുണ്ടാകുമ്പോൾ മാത്രമാണ് മത്സരമുണ്ടാകുക.  മത്സരത്തിൽ ഒരാൾക്ക് മാത്രമേ വിജയിക്കാനാകൂ. കൂടെ മത്സരിക്കുന്നവരെ ഒരിക്കലും ശത്രുക്കളായി കാണരുതെന്നും മമ്മൂട്ടി പറഞ്ഞു. ഒരു നൂറ് ഒളിംപിക്സ് മെഡലുകളുമായി രാജ്യത്തിന്റെ അഭിമാനമാകാ9 ഓരോ കായിക താരത്തിനും കഴിയട്ടെയെന്നും അദ്ദേഹം ആശംസിച്ചു.

## കായിക താരങ്ങൾക്ക് കൊച്ചി മെട്രോ സൗജന്യ യാത്ര ഒരുക്കും

**കൊച്ചി:** സ്കൂൾ കായിക മേളയിൽ പങ്കെടുക്കുന്ന കുട്ടികൾക്ക്  നിശ്ചിത സമയത്ത് വേദിയിൽ എത്തിച്ചേരുന്നതിനും സുഗമമായ യാത്രയ്ക്കും കൊച്ചി മെട്രോയിൽ സൗജന്യയാത്ര ഒരുക്കും  . നവംബർ 5  മുതൽ 11 വരെയാണ് യാത്രാനുമതി. വിദ്യർത്ഥികൾ  കായിക മേളയുടെ തിരിച്ചറിയൽ കാർഡ് ധരിക്കണം. ദിവസവും  1000 കായിക താരങ്ങൾക്ക് ഈ സൗകര്യം പ്രയോജനപ്പെടുത്താമെന്ന് കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ ലോക്നാഥ് ബെഹ്റ അറിയിച്ചു.

## മാർച്ച് പാസ്റ്റിൽ ഒന്നാം സ്ഥാനം കോട്ടയത്തിന്

**കൊച്ചി:** കേരള സ്കൂൾ കായിക മേളയുടെ ഉദ്ഘാടനത്തിനു മുന്നോടിയായി മഹാരാജാസ് കോളേജ് ഗ്രൗണ്ടിൽ നടന്ന മാർച്ച് പാസ്റ്റിൽ കോട്ടയം ജില്ലയ്ക്ക് ഒന്നാംസ്ഥാനം.




## സോമൻസ് ലെഷർ ടൂർസ്: ഗോവിന്ദ് പത്മസൂര്യയും ഗോപിക അനിലും ബ്രാൻഡ് അംബാസിഡർമാർ

**കൊച്ചി:** കേരളത്തിലെ മുൻനിര വിദേശ ടൂർ ഓപ്പറേറ്ററായ സോമൻസ് ലെഷർ ടൂർസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡിന്റെ ബ്രാൻഡ് അംബാസിഡർമാരായി സെലിബ്രിറ്റി താരങ്ങളായ ഗോവിന്ദ് പത്മസൂര്യയും ഗോപിക അനിലും. കമ്പനിയുടെ പാലാരിവട്ടം ഓഫീസിൽ നടന്ന ചടങ്ങിൽ ഇരുവരെയും അംബാസിഡർമാരായി ഔദ്യോഗികമായി തിരഞ്ഞെടുത്തതായി കമ്പനിയുടെ എം.ഡി എം.കെ സോമൻ പ്രഖ്യാപിച്ചു. സാഹസികതയും യാത്രകളോടുള്ള താരങ്ങളുടെ അടങ്ങാത്ത അഭിനിവേശവുമാണ് ഇരുവരെയും ബ്രാൻഡ് അംബാസിഡർമാരായി തിരഞ്ഞെടുക്കാൻ പ്രേരിപ്പിച്ചതെന്നും ഈ ചടങ്ങ് ഒരു സൗഹൃദത്തിന്റെ മാത്രമല്ല, സോമൻസിന്റെ മുന്നോട്ടുള്ള യാത്രയുടെ പുതു ചുവടുവയ്പ്പ് കൂടിയാണെന്ന് എം.ഡി എം.കെ സോമൻ കൂട്ടിച്ചേർത്തു.

അംബാസിഡർമാരായി ചുമതലയേറ്റതിന് പിന്നാലെ സോമൻസ് ലെഷർ ടൂർസിന്റെ ആറാമത് അന്റാർട്ടിക്ക സൗത്ത് അമേരിക്ക ട്രിപ്പിന്റെ ആദ്യ ടിക്കറ്റ് ഇരുവരും ബുക്ക് ചെയ്തു. പുതിയ ചുവടുവയ്പ്പിലൂടെ പ്രായഭേതമന്യേ മലയാളികളുടെ യാത്രാ സ്വപ്നങ്ങൾക്ക് ചിറകുനൽകാനും, യാത്രികർക്കായി പുതിയ അവസരങ്ങൾ സൃഷ്ടിക്കുവാനുമുള്ള സോമൻസ് ലെഷർ ടൂർസിന്റെ പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകുവാനുള്ള അവസരമാണ് തങ്ങൾക്ക് ലഭിച്ചതെന്ന് ഗോവിന്ദ് പത്മസൂര്യയും ഗോപിക അനിലും പ്രതികരിച്ചു. നവംബർ 15,16,17 തീയതികളിൽ കൊച്ചി ഹോളിഡേ ഇൻൽ നടക്കുന്ന സോമൻസ് ലെഷർ ടൂർസിന്റെ 14ാമത് ട്രാവൽ ഉത്സവിന് ഇരുവരും ആശംസകൾ നേർന്നു. അടുത്ത വർഷത്തേയ്ക്കുള്ള യാത്രകൾ ഏറ്റവും കുറഞ്ഞ നിരക്കിൽ മുൻകൂട്ടി ബുക്ക് ചെയ്യുന്നതിനുള്ള അവസരം ട്രാവൽ ഉത്സവിൽ ലഭിക്കും.




## മൂന്നാം തലമുറ ഹോണ്ട അമേസ്; ടീസർ പുറത്തിറക്കി ഹോണ്ട കാർസ്

**ന്യൂഡൽഹി:** മുൻനിര പ്രീമിയം കാർ നിർമ്മാതാക്കളായ ഹോണ്ട കാർസ് ഇന്ത്യ ലിമിറ്റഡ്, തങ്ങളുടെ പ്രീമിയം കോംപാക്റ്റ് സെഡാൻ അമേസിന്റെ മൂന്നാം തലമുറ പതിപ്പിന്റെ ടീസർ ചിത്രം പുറത്തിറക്കി.എൻട്രി സെഡാനുകളിലെ ജനപ്രിയ ചോയ്സ് എന്ന നിലയിൽ, ഇന്നത്തെ ചലനാത്മക തലമുറയുടെ ജീവിതശൈലി ആവശ്യങ്ങൾ നിറവേറ്റുന്നതിനായി ബോൾഡ് ഡിസൈൻ, അത്യാധുനിക സാങ്കേതികവിദ്യ, ഹോണ്ടയുടെ സിഗ്നേച്ചർ വിശ്വാസ്യത എന്നിവ സമന്വയിപ്പിച്ചാണ് ഓൾന്യൂ അമേസ്.2013ൽ ഇന്ത്യയിൽ പുറത്തിറക്കിയ അമേസിന്റെ രണ്ടാം തലമുറ പതിപ്പ് അവതരിപ്പിച്ചത് 2018 ലാണ്. മൂന്നാം തലമുറയ്ക്കൊപ്പം, ഞങ്ങളുടെ ആധുനിക ഇന്ത്യൻ ഉപഭോക്താക്കൾക്ക് മുമ്പെങ്ങുമില്ലാത്ത വിധം മെച്ചപ്പെടുത്തിയ പ്രീമിയം പാക്കേജ് വാഗ്ദാനം ചെയ്ത്, ഇത് അടുത്ത ഘട്ടത്തിലേക്ക് കൊണ്ടുപോകാൻ കഴിയുന്നതിൽ ഞങ്ങൾ സന്തുഷ്ടരാണെന്ന് ഹോണ്ട കാർസ് ഇന്ത്യ ലിമിറ്റഡിന്റെ പ്രസിഡന്റും സിഇഒയുമായ തകുയ സുമുറ പറഞ്ഞു.

## എഐ വഴി രോഗിയുടെ ആരോഗ്യസ്ഥിതി തിരിച്ചറിയാം: പഠനറിപ്പോർട്ടുമായി ഡോസീ

**കൊച്ചി :** രോഗിയുടെ ആരോഗ്യനില മോശമാകുന്നത് 16 മണിക്കൂർ മുൻപുതന്നെ തിരിച്ചറിയുവാൻ സാധിക്കുന്ന എഐ അധിഷ്ഠിത ആരോഗ്യ മുന്നറിയിപ്പ് സംവിധാനത്തെക്കുറിച്ചുള്ള പഠനറിപ്പോർട്ട് ഡോസീ പുറത്തുവിട്ടു. ഈ സംവിധാനത്തിന്റെ സഹായത്തോടെ ആരോഗ്യ പ്രവർത്തകർക്ക് രോഗികൾക്ക് അടിയന്തിര പരിചരണം നൽകാനും ജീവൻ രക്ഷിക്കാനും സാധിക്കുമെന്ന് ഡോസീയുടെ സിടിഒയും സഹസ്ഥാപകനുമായ ഗൗരവ് പർച്ചാനി പറഞ്ഞു. ഫ്രണ്ടിയേഴ്സ് ഗ്രൂപ്പിന്റെ അന്താരാഷ്ട്ര ജേണലായ ഫ്രണ്ടിയേഴ്സ് ഇൻ മെഡിക്കൽ ടെക്നോളജിയിലാണ് പഠനറിപ്പോർട്ട് പ്രസിദ്ധീകരിച്ചിരിക്കുന്നത്. ലക്നൗവിലെ കിംഗ് ജോർജ്ജ്സ് മെഡിക്കൽ യൂണിവേഴ്സിറ്റിയിൽ നടത്തിയ ഈ പഠനം രാജ്യത്തെ തൃതീയ പരിചരണ രംഗത്തെ ഏറ്റവും വലിയ നിരീക്ഷണ പഠനങ്ങളിൽ ഒന്നാണ്.2 ദശലക്ഷം ആശുപത്രി കിടക്കകളുള്ള നമ്മുടെ രാജ്യത്ത്, ജനറൽ വാർഡുകളിൽ കഴിയുന്ന ഏകദേശം 1.9 ദശലക്ഷം രോഗികളെ നിരീക്ഷിക്കുന്നതിനായി നിലവിൽ മാനുവൽ സ്പോട്ട് ചെക്കിങ്ങിനെയാണ് ആശ്രയിക്കുന്നത്.

എന്നാൽ, എഐ റിമോട്ട് പേഷ്യന്റ് മോണിറ്ററിംഗ് ആൻഡ് എർളി വാണിംഗ് സംവിധാനത്തിലൂടെ ഡോസീ ഈ മേഖലയിൽ ഒരു വിപ്ലവകരമായ മാറ്റമാണ് ലക്ഷ്യമിടുന്നത്.

ഐസിയു സേവനങ്ങളുടെ ചെറിയ ചിലവിൽ തുടർച്ചയായ നിരീക്ഷണം നടത്തിക്കൊണ്ട് ലോകോത്തര ആരോഗ്യ സംരക്ഷണം ഉറപ്പാക്കുന്ന ഈ സാങ്കേതികവിദ്യ, ആശുപത്രി ശേഷിയുടെ 95 ശതമാനത്തോളം പരിചരണ രീതികളെ മാറ്റിമറിക്കും.

85,000 മണിക്കൂറിൽ 700ലധികം രോഗികളെ പഠനവിധേയമാക്കിയ ഈ റിമോട്ട് പേഷ്യന്റ് മോണിറ്ററിംഗ് സംവിധാനം, നേരിട്ടുള്ള സമ്പർക്കമില്ലാതെ തന്നെ രോഗികളുടെ അവസ്ഥ തുടർച്ചയായി നിരീക്ഷിക്കുകയും കൃത്യസമയങ്ങളിൽ ആരോഗ്യപ്രവർത്തകർക്ക് ആവശ്യമായ മുന്നറിയിപ്പുകൾ നൽകുകയും ചെയ്യുന്നതിലൂടെ, പരമ്പരാഗത രോഗീ നിരീക്ഷണ രീതികളിൽ ഒരു വിപ്ലവം സൃഷ്ടിക്കാനാണ് ഡോസീ ലക്ഷ്യമിടുന്നത്.

രോഗിയുടെ ആരോഗ്യാവസ്ഥ വഷളാകുന്നതിന് 16 മണിക്കൂർ മുമ്പേ മുന്നറിയിപ്പുകൾ നൽകുന്നതിലൂടെ, ആവശ്യമായ ഇടപെടലുകൾ നേരത്തേ തന്നെ നടത്താൻ സാധിക്കുന്നതിനൊപ്പം ദിവസം 2.4 മണിക്കൂർ സമയം ലാഭിക്കാനും ആരോഗ്യപ്രവർത്തകർക്ക് സാധിക്കുന്നുവെന്നും ഗൗരവ് പർച്ചാനി പറഞ്ഞു.

## ചോറ്റാനിക്കര ക്ഷേത്രത്തിൽ സൗത്ത് ഇന്ത്യൻ ബാങ്കിന്റെ കിയോസ്ക്

**കൊച്ചി:** സൗത്ത് ഇന്ത്യൻ ബാങ്ക് സെനിയ സൊലുഷനുമായി സഹകരിച്ചു ക്ഷേത്രങ്ങൾക്കായി നൽകുന്ന സമ്പൂർണ്ണ ഡിജിറ്റൽ സൊല്യൂഷൻ ആയ SIB Temple Solutions ചോറ്റാനിക്കര ദേവി ക്ഷേത്രത്തിനു കൈമാറി. ഭക്തർക്ക് സ്വയം ഇടപാടുകൾ നടത്താൻ കഴിയുന്ന ഡിജിറ്റൽ കിയോസ്ക് ആണ് ക്ഷേത്രത്തിന് സമർപ്പിച്ചത്. ക്ഷേത്രവുമായി ബന്ധപ്പെട്ട വഴിപാടുകൾ, രസീതുകൾ, മറ്റു വിവരങ്ങൾ എന്നിവ ഡിജിറ്റലൈസേഷൻ ചെയ്യുന്നതിന്റെ ഭാഗമായാണ് കിയോസ്ക് സ്ഥാപിച്ചത്. ഭക്തർക്ക് ക്ഷേത്രത്തിലെ വഴിപാടുകൾ ശീട്ടാക്കാനും വഴിപാട് തുക കിയോസ്കിൽ തെളിയുന്ന ക്യൂആർ കോഡ് ഉപയോഗിച്ചു അടയ്ക്കാനും സാധിക്കും. കൂടാതെ, ക്ഷേത്രവുമായി ബന്ധപ്പെട്ട മറ്റു വിവരങ്ങളും കിയോസ്കിലൂടെ ലഭിക്കും. ഡിജിറ്റൽ പേയ്മെന്റ് മേഖലയിലെ ആഗോള സേവനദാതാക്കളായ സെനിയ സൊലുഷനുമായി സഹകരിച്ചാണ് കിയോസ്ക് സ്ഥാപിച്ചത്.



ക്ഷേത്രത്തിൽ നടന്ന ചടങ്ങിൽ സൗത്ത് ഇന്ത്യൻ ബാങ്കിന്റെ സീനിയർ ജനറൽ മാനേജറും ബ്രാഞ്ച് ബാങ്കിങ് ഹെഡ്മായ ബിജി എസ് എസ്, ജോയിന്റ് ജനറൽ മാനേജരും എറണാകുളം റീജണൽ ഹെഡ്മായ മധു എം എന്നിവർ കൊച്ചിൻ ദേവസ്വം ബോർഡ് മെമ്പർമാരായ എം ബി മുരളീധൻ, പ്രേംരാജ്, ദേവസ്വം അസി. കമ്മിഷണർ ബിജു ആർ പിള്ള എന്നിവർക്ക് കിയോസ്ക് കൈമാറി. സൗത്ത് ഇന്ത്യൻ ബാങ്ക് ഡിജിറ്റൽ സെയിൽസ് ഹെഡ് വിശ്വരാജ്, ക്ലസ്റ്റർ ഹെഡ് അൻസ, ബിസിനസ് (ഗവൺമെന്റ്) ചീഫ് മാനേജർ രഞ്ജിത്ത് ജി പി, എരുവേലി ബ്രാഞ്ച് മാനേജർ അശ്വതി അയ്യർ, സെനിയ എംഡി അരുൺ മോഹൻ, ജയദേവൻ ഡി, ദേവസ്വം മാനേജർ രഞ്ജിനി രാധാകൃഷ്ണൻ, ഹെഡ് ശ്രീമതി റോഷ്നി, പള്ളിപ്പുറത്ത് നാരായണൻ നമ്പൂതിരി തുടങ്ങിയവർ പങ്കെടുത്തു.

## എക്സ്ഇവി 9ഇ, ബിഇ 6ഇ ഇലക്ട്രിക് എസ്യുവികളുമായി മഹീന്ദ്ര

**കൊച്ചി:** രണ്ട് മുൻനിര ഇലക്ട്രിക് ബ്രാൻഡുകളുടെ അവതരണത്തിന് പൂർണസജ്ജമായി മഹീന്ദ്ര. നവംബർ 26ന് ചെന്നൈയിൽ നടക്കുന്ന വേൾഡ് പ്രീമിയറിൽ ഇലക്ട്രിക് ഒറിജിൻ ഇംഗ്ലോ ആർക്കിടെക്ചറിലുള്ള എക്സ്ഇവി, ബിഇ (ഉച്ചാരണം ബി) എന്നീ രണ്ട് ഇലക്ട്രിക് ബ്രാൻഡുകളാണ് മഹീന്ദ്ര അവതരിപ്പിക്കുക. രണ്ട് ബ്രാൻഡുകളും എക്സ്ഇവി 9ഇ, ബിഇ 6ഇ എന്നീ പേരുകളിൽ അവയുടെ ആദ്യ മുൻനിര ഉൽപ്പന്നങ്ങളും ചടങ്ങിൽ പുറത്തിറക്കും.ഇന്ത്യൻ മനസറിഞ്ഞ് ആഗോള വീക്ഷണം കൊണ്ട് രൂപകൽപന ചെയ്ത ഗ്രൗണ്ട്അപ്പ് ഇംഗ്ലോ ആർക്കിടെക്ചർ, അവബോധജന്യവും ബുദ്ധിപരവും ആഴത്തിലുള്ളതുമായ പുതുമകൾ ഉൾക്കൊള്ളുന്നു. ഈ വിഭാഗത്തിലെ മുൻനിര സുരക്ഷാമാനദണ്ഡങ്ങൾ മുതൽ ഉത്തേജിപ്പിക്കുന്ന പ്രകടനവും ആകർഷകമായ ശ്രേണിയും കാര്യക്ഷമതയും വരെ ഉൾപ്പെടുത്തി, മൾട്ടി സെൻസറി ഡ്രൈവിങ് അനുഭവം നൽകുന്നതിനായാണ് ഇംഗ്ലോ രൂപകൽപന ചെയ്തിരിക്കുന്നതെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.

എക്സ്ഇവി 9ഇ ഇവി ലക്ഷ്വറിയെ പുനർനിർവചിക്കുമ്പോൾ, ബിഇ 6ഇ വ്യക്തവും ബഹുവീര്യത്തോടെയുമുള്ള പ്രകടനം ഉറപ്പ് നൽകുന്നു.

ഈ രണ്ട് ഇന്ത്യൻ ഐക്കണുകളും അവയുടെ അനിവാര്യമായ രൂപകൽപനയും, സമാനതകളില്ലാത്ത സാങ്കേതികവിദ്യയും, അനുപമമായ പ്രകടനവും കൊണ്ട് ലോകത്തിലെ എല്ലാത്തിനെയും വെല്ലാൻ തയാറാണെന്നും കമ്പനി അധികൃതർ അവകാശപ്പെട്ടു.

# കോൺഫ്ളുവൻസ്2024' നാളെ കൊച്ചിയിൽ

**കൊച്ചി:** സംസ്ഥാനത്തെ ഏറ്റവും വലിയ വ്യവസായ വിദ്യാഭ്യാസ സമ്മേളനമായ കോൺഫ്ളുവൻസ്2024 നവംബർ ആറിന് കൊച്ചിയിൽ കേന്ദ്ര പെട്രോളിയം, ടൂറിസം സഹമന്ത്രി സുരേഷ് ഗോപി ഉദ്ഘാടനം ചെയ്യും. ഉന്നത വിദ്യാഭ്യാസ, കോർപ്പറേറ്റ് സ്ഥാപനങ്ങൾക്ക് ആശയങ്ങൾ കൈമാറുന്നതിനും വിജ്ഞാന വ്യവസായത്തിലെ സുപ്രധാന മാറ്റങ്ങളും പുതിയ കാലത്തെ ജോലികളുടെ ആവിർഭാവവും ചർച്ച ചെയ്യുന്നതിനും സമ്മേളനം വേദിയൊരുക്കും. കൊച്ചി രാജഗിരി സ്കൂൾ ഓഫ് എൻജിനീയറിങ് ആൻഡ് ടെക്നോളജി (ആർഎസ്ഇടി) ആണ് സമ്മേളനത്തിന് വേദിയാകുക.

കേരളത്തിലെ 250ലധികം ഐടി കമ്പനികളെ പ്രതിനിധീകരിക്കുന്ന ഗ്രൂപ്പ് ഓഫ് ടെക്നോളജി കമ്പനീസും (ജിടെക്) ആർഎസ്ഇടിയും ചേർന്നാണ് 'പ്രതിഭകളുടെ ഭാവി' (ഫ്യൂച്ചർ ഓഫ് ടാലന്റ്) എന്ന പ്രമേയത്തിലുള്ള സമ്മേളനം സംഘടിപ്പിക്കുന്നത്.ഉദ്ഘാടന ചടങ്ങിൽ ഹൈബി ഈഡൻ എം പി പങ്കെടുക്കും. സമാപന ചടങ്ങിൽ വ്യവസായ മന്ത്രി പി രാജീവ്, ഉന്നത വിദ്യാഭ്യാസ മന്ത്രി ഡോ. ആർ ബിന്ദു എന്നിവർ സംബന്ധിക്കും. പ്രൊഫഷണലുകൾ, അക്കാദമിഷ്യൻമാർ, വിദ്യാർത്ഥികൾ എന്നിവരടങ്ങുന്ന 2,500ലധികം പ്രതിനിധികൾ സമ്മേളനത്തിനായി രജിസ്റ്റർ ചെയ്തിട്ടുണ്ട്.

ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും കോർപ്പറേറ്റ് സ്ഥാപനങ്ങൾക്കും ആശയങ്ങൾ കൈമാറുന്നതിനും പങ്കാളിത്ത സാധ്യതകൾക്കുമുള്ള വേദിയായി സമ്മേളനം മാറും. ചർച്ചയുടെ അടിസ്ഥാനത്തിൽ സർക്കാരിന് സമർപ്പിക്കുന്നതിനായി സംഘാടകർ ധവളപത്രം കൊണ്ടുവരും.ഐഎസ്ആർഒ ചെയർമാൻ ഡോ. എസ് സോമനാഥ്, ഇൻഫോസിസ് സഹസ്ഥാപകൻ എസ് ഡി ഷിബുലാൽ, ഗൂഗിൾ ഡീപ് മൈൻഡ് ഡയറക്ടർ ദിലീപ് ജോർജ് എന്നിവർ സമ്മേളനത്തിൽ മുഖ്യ പ്രഭാഷണങ്ങൾ നടത്തും. മാത്യു കുഴൽനാടൻ എം എൽ എ, ഫെഡറൽ ബാങ്ക് മുൻ ചെയർമാൻ സി ബാലഗോപാൽ, ചലച്ചിത്ര സംവിധായകനും നടനുമായ ബേസിൽ ജോസഫ്, ഐബിഎസ് സോഫ്റ്റ്‌വെയർ എക്സിക്യൂട്ടീവ് ചെയർമാൻ വി കെ മാത്യൂസ് എന്നിവർ പാനൽ ചർച്ചയിൽ പങ്കെടുക്കും.സാങ്കേതിക ശിൽപശാലകൾ, സ്റ്റാർട്ടപ്പ് എക്സ്പോ, ഗവേഷണ പ്രവർത്തനങ്ങളുടെയും ഉത്പന്നങ്ങളുടെയും പ്രദർശനം, പിഎച്ച്ഡി കോൺക്ലേവ്, റിസർച്ച് പോസ്റ്റർ പ്രദർശനം തുടങ്ങിയവയും സമ്മേളനത്തോടനുബന്ധിച്ച് സംഘടിപ്പിക്കുന്നുണ്ട്. ഇൻഫോപാർക്ക്, സ്മാർട്ട്സിറ്റി, ടെക്നോപാർക്ക്, കേരള സ്റ്റാർട്ടപ്പ് മിഷൻ (കെഎസ്യുഎം), ഐഇഇഇ ഇന്ത്യ കൗൺസിൽ, കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് എന്നിവരാണ് പരിപാടിയുടെ സഹ സംഘാടകർ.

# ക്ലെയിം സെറ്റിൽമെന്റിൽ മുന്നേറ്റവുമായി ഐസിഐസിഐ പ്രു

**കോഴിക്കോട്:** സാമ്പത്തിക വർഷത്തിലെ ആദ്യപാദ ക്ലെയിം സെറ്റിൽമെന്റ് അനുപാതത്തിൽ വൻ നേട്ടവുമായി ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസ്. 99.35% ക്ലെയിം സെറ്റിൽമെന്റുമായി രാജ്യത്തെ എല്ലാ ലൈഫ് ഇൻഷുറൻസ് കമ്പനികളിലും ഏറ്റവും ഉയർന്ന അനുപാത നിരക്കാണ് കൈവരിച്ചതെന്ന് കമ്പനി അവകാശപ്പെട്ടു. 381.24 കോടി രൂപയാണ് ഈ കാലയളവിൽ കമ്പനി തീർപ്പാക്കിയ ഡെത്ത് ക്ലെയിമുകളുടെ ആകെ മൂല്യം.

2024 സാമ്പത്തിക വർഷത്തിന്റെ ആദ്യപാദത്തിൽ 97.94%വും, 2024 സാമ്പത്തിക വർഷത്തിന്റെ രണ്ടാംപാദത്തിൽ 98.14%വും, 2024 സാമ്പത്തിക വർഷത്തിന്റെ മൂന്നാംപാദത്തിൽ 98.52%വും, 2024 സാമ്പത്തിക വർഷത്തിൽ ആകെ 99.17 ശതമാനവുമായിരുന്നു കമ്പനിയുടെ ക്ലെയിം സെറ്റിൽമെന്റ് അനുപാതം. വരുമാനം നേടിത്തരുന്ന അംഗത്തെ നഷ്ടപ്പെട്ടാൽ കുടുംബത്തിന്റെ സാമ്പത്തിക സുരക്ഷ ഉറപ്പാക്കുന്ന ഒരു ഉൽപ്പന്നമാണ് ലൈഫ് ഇൻഷുറൻസ്.

അതിനാൽ ഞങ്ങൾ എല്ലാ ക്ലെയിമുകളും വളരെ സെൻസിറ്റിവിറ്റിയോടെയും വേഗത്തിലും പ്രോസസ് ചെയ്യുന്നുവെന്ന് ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസിന്റെ കസ്റ്റമർ സർവീസ് ചീഫ് ഓപ്പറേഷൻസ് ഓഫീസർ അമിഷ് ബങ്കർ പറഞ്ഞു. 2025 സാമ്പത്തിക വർഷത്തിന്റെ ആദ്യപാദത്തിൽ ഞങ്ങൾക്ക് വ്യക്തിഗത ഡെത്ത് ക്ലെയിം സെറ്റിൽമെന്റ് അനുപാതം 99.35% ഉണ്ടായിരുന്നു.

കൂടാതെ ഒരു നോൺഇൻവെസ്റ്റിഗേറ്റീവ് ഡെത്ത് ക്ലെയിം തീർപ്പാക്കാൻ എടുത്ത ശരാശരി സമയം വെറും 1.2 ദിവസമാണ്. ഞങ്ങളുടെ ക്ലെയിം സെറ്റിൽമെന്റ് അനുപാതം വ്യവസായത്തിലെ ഏറ്റവും മികച്ചതാണെന്ന് ഞങ്ങൾ വിശ്വസിക്കുന്നുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# മാരിക്കോയുടെ പാരച്യൂട്ട് ജൈത്രയാത്ര തുടരുന്നു

**കൊച്ചി:** വെളിച്ചണ്ണ വിപണിയിൽ പതിറ്റാണ്ടുകളുടെ പാരമ്പര്യവും വിശ്വസ്തതയുമുള്ള മാരിക്കോയുടെ പ്രശസ്ത ബ്രാൻഡായ പാരച്യൂട്ട് വൈവിധ്യവൽക്കരണത്തിന്റെ മികവിൽ സമാനതകളില്ലാത്ത വിജയത്തോടെ വിപണിയിൽ മുന്നേറ്റം തുടരുന്നു. ഈ മേഖലയിലെ തുടക്ക ബ്രാൻഡുകളിലൊന്നായ പാരച്യൂട്ടിനെ വിട്ടുവീഴ്ചയില്ലാത്ത ഗുണനിലവാരവും പരിശുദ്ധിയുമാണ് ശ്രദ്ധേയമാക്കുന്നതെ ന്നും മുടി കൊഴിച്ചിൽ തടയാനും മുടിയുടെ ഉള്ള് നിലനിർത്താനും സഹായിക്കുന്ന ഘടകങ്ങൾ ഉൾപ്പെടുത്തിയാണ് പാരച്യൂട്ട് വിവിധ ഉൽപ്പന്നങ്ങൾക്ക് രൂപം നൽകുന്നതെന്ന് മാരിക്കോയിലെ ചീഫ് ആർ&ഡി ഓഫീസറായ ഡോക്ടർ ശിൽപാ വോറ പറഞ്ഞു. ഔഷധ എണ്ണകൾ തയാറാക്കുന്ന കാലാതീതമായി അംഗീകരിക്കപ്പെട്ട ഒരു രീതിയാണ് തൈല പാക വിധി. ഈ രീതി പ്രസ്തുത എണ്ണകളുടെ ഔഷധ വീര്യം പരമാവധിയാക്കുന്നു. ഔഷധ സസ്യങ്ങൾ വെളിച്ചെണ്ണയിൽ ചൂടാക്കി അവയുടെ ഔഷധ ഗുണങ്ങൾ പൂർണ്ണമായും ഊറ്റിയെടുക്കുന്ന ഒരു പ്രക്രിയയാണിതെന്ന് ഡോക്ടർ ശിൽപാ വോറ പറഞ്ഞു.




പരമ്പരാഗത പ്രക്രിയകളിലൂടെ തയാറാക്കുന്ന ആയുർവേദ എണ്ണകൾ ആരോഗ്യമുള്ള മുടിയുടെ വളർച്ച പ്രോത്സാഹിപ്പിച്ച് മുടികൊഴിച്ചിലിനെതിരെ പ്രവർത്തിക്കുന്നു. തൈല പാക വിധി രീതിയിലൂടെ വളരെ ശ്രദ്ധയോടെ തയാറാക്കിയിട്ടുള്ള പാരച്യൂട്ട് അഡ്വാൻസ്ഡ് ആയുർവേദിക് കോക്കനട്ട് ഹെയർ ഓയിലാണ് ഡോക്ടർ വോറ ശുപാർശ ചെയ്യുന്നത്. 25 ശക്തമായ ആയുർവേദ പച്ചമരുന്നുകളുമായി വെളിച്ചെണ്ണയെ സംയോജിപ്പിച്ച് രൂപം കൊടുത്തിട്ടുള്ളതാണ് ഇത്. ഉപയോഗിക്കാനാരംഭിച്ച് 30 ദിവസത്തിനുള്ളിൽ തന്നെ മുടികൊഴിച്ചിൽ കുറയുകയും 90 ദിവസങ്ങൾക്കുള്ളിൽ മുടിയുടെ വളർച്ച ഉത്തേജിപ്പിക്കുകയും ചെയ്യുമെന്നും ഡോക്ടർ വ്യക്തമാക്കുന്നു

ഒക്ടോബർ 29ന് "ആരോഗ്യത്തിന് ആയുർവേദം "എന്ന തീമിൽ ദേശീയ ആയുർവേദ ദിനം ആചരിക്കുമ്പോൾ മുടിയുടെ സംരക്ഷണത്തിന് പാരച്യൂട്ട് പോലുള്ള ഔഷധ എണ്ണകൾ ആഴ്ചയിൽ മൂന്നു ദിവസം വെച്ച് മൂന്നു മാസമെങ്കിലും ഉപയോഗിക്കണമെന്നാണ് ഈ മേഖലയിലെ വിദഗ്ധർ വ്യക്തമാക്കുന്നത്.

